# കൈത്തിരി

(നാടകം)

എം. സി. ജോസഫ് ബി. എ. ബി. എഡ്.

52
918

# കൈത്തിരി

(നാടകം)

★

എം. സി. ജോസഫ് ബി. എ. ബി. എഡ്.

DHARMARAM COLLEGE
LIBRARY
BANGALORE-29

—വില 90 പൈസ—

Paris Eerthayilam

പ്രകാശകലിക No.—1

# കൈത്തിരി

(നാടകം)

DHARMARAM COLLEGE
LIBRARY
BANGALORE-29

PRINTED AT
THE PRINTING CENTRE, KOTTAYAM.

DHARMARAM COLLEGE LIBRARY
Ac. No. 77357
Call No. T62/M918

(Malayalam)
Kaithiry
Play
By J. C. Mulloor
Irikur
N. Malabar
First Published 1967
Copies 1000
Printed at
Printing Centre, Kottayam
Price - 90 Ps.
Copyright by
Prakasam Publications
Alleppey S. India
Sales by
Prakasam Book Centre.

# രംഗം ഒന്നു്

(മാട്ടേൽ തോമ്മാച്ചന്റെ ഭവനം—കർട്ടനുയരുമ്പോൾ രംഗത്താരുമില്ല. വൃത്തിയുള്ള ഒരു വീടു്—ജനലുകൾക്കും വാതലിനും കർട്ടൻ—ചുവരിൽ ഒരു കലണ്ടർ—തിരുഹൃദയത്തിന്റെ രൂപം നടുക്കു്, ഇടത്തു് തിരുക്കുടുംബം—വലത്തു് ദേവമാതാവിന്റെ പടം—രംഗത്തു് വിരിപ്പുള്ള ഒരു മേശ—രണ്ടു കസേര. തോമ്മാച്ചൻ ഒരു യാത്രകഴിഞ്ഞു് വെളിയിൽനിന്നു് പ്രവേശിക്കുന്നു.)

തോമ്മാച്ചൻ— പിന്നെയേ? നീ ഇവിടെയില്ലേ?

(രണ്ടാംമുണ്ടെടുത്തു് മുഖവും കഴുത്തും തുടച്ചു്)

എടീ വീട്ടുകാരത്തിയേ?

(അകത്തെല്ലാ നോക്കിയിട്ടു് വന്നു് കസേരയിലിരിക്കുന്നു)

കൊണം പിടിക്കാത്തവർഗ്ഗം! അത്യാവശ്യത്തിനു വിളിച്ചാ ഒരിക്കലും കാണത്തില്ല.

(പുറകോട്ടുതിരിഞ്ഞു്) പിന്നെയേ! (ഉറക്കെ) എടീ നീ ഇവിടെ ഇല്ലേന്നു്!

(മകൻ ബാബു 10 വയസ്സു്—പ്രവേശിക്കുന്നു. നിക്കറും ബനിയനും—കഴുത്തിൽ ചുവന്ന ചരടിൽ ഒരു കുരിശു്—ചുറുചുറുക്കുള്ള പ്രകൃതം.)

ബാബു— ഇച്ചാച്ചാ. (ഓടിപ്പോയി കഴുത്തിനു കെട്ടിപ്പിടിക്കുന്നു.

തോ— (കൈ എടുത്തെങ്കിലും ചേർത്തുനിർത്തിയിട്ടു) നീ ഇന്നു പള്ളിക്കൂടത്തിൽ പോയില്ലെ മോനെ?

ബാബു—ഇന്നു പള്ളിക്കൂടത്തിൽ പോകണ്ടച്ചായാ കല്പനയാ.

തോ— കല്പനയോ? ആരുടെ കല്പന?

ബാബു- (മന്ദഹസിച്ചു്) ഇന്നു പള്ളിക്കൂടത്തിൽ പോകണ്ടന്നു്.

തോ--(മാററി നിർത്തി_അല്പം ഗൌരവം) അതു തന്നെയാ ചോദിച്ചതു്. നിന്നോടു പള്ളിള്ളടത്തിൽ പോകണ്ടന്നു കല്പിക്കാൻ വളന്നവനാരാന്നു്?

ബാ—(ചിരിച്ചു്) ഗവർമ്മെണ്ടിൻെറ കല്പനയാണച്ചായാ.

തോ—ഗവർമ്മെണ്ടോ? ഏതു ഗവർമ്മെണ്ടാണടാ.

ബാ-കേന്ദ്രഗവർമ്മെണ്ടു്.

തോ—ഗവർമ്മെണ്ടു് എന്തിനാ അങ്ങനെ കല്പിക്കുന്നതു ?

ബാ—ഇന്നു ഗാന്ധിജി മരിച്ച ദിവസമാണച്ചായാ.

തോ—അതിനു്?

ബാ-പാവങ്ങൾക്കും കഷ്ടപ്പെടുന്നവർക്കും വേണ്ടി ജീവിക്കുകയും, മനുഷ്യരുതമ്മിലുള്ള വഴക്കും പെണക്കവും അവസാനിപ്പിക്കാൻവേണ്ടി വെടിയേററു മരിക്കുകയുംചെയ്ത ഗാന്ധിജിയെക്കുറിച്ചു് ഓർക്കാനാണു് ഇന്നു് പള്ളിക്കൂടം വേണ്ടെന്നു് ഗവർമ്മെണ്ടു കല്പിച്ചിരിക്കുന്നതെന്നു് ഇന്നലെ ഞങ്ങളുടെ സാറ് ക്ലാസിൽ പറഞ്ഞു.

തോ—അതു നല്ലകൂത്തു്. ഗവമ്മെണ്ടായതു നന്നായി. വേറെ ഈ കരേൽ വല്ലോരുമായിരുന്നെങ്കിൽ ഞാൻ... ആട്ടെടാ മകനെ, നീ അറിഞ്ഞോ?

ബാ—എന്താണച്ചായാ.

തോ-നമ്മള കേസു ജയിച്ചു. ഇന്നലെയായിരുന്നു വിധി. (നിറുത്തി) നിൻെറ അമ്മച്ചിയെ എതിലെ കെട്ടിയെടുത്തെന്നറിയാവോ?

ബാ-(ഉത്സാഹം കുറഞ്ഞു്) അമ്മച്ചി ആരാണ്ടു സുഖമില്ലാതെ കെടപ്പാണെന്നു പറഞ്ഞു് കാണാൻ പോയതാ.

തോ—അവളിങ്ങിനെ ഒരു പുണ്യാളത്തി. ഒടലോടെ പോകും ഇപ്പം സ്വർഗ്ഗത്തിലോട്ടു്.

ബാ-(വിഷാദം) നമ്മള കേസു ജയിച്ചെന്നു പറഞ്ഞതു നേരാണോ ഇച്ചായാ?

തോ-അതേ മോനെ. നമ്മള ജയിച്ചെടാ. നിനക്കെന്നാ ഒരു സന്തോഷം ഇല്ലാത്തതു്? അല്ല, എന്തിനാ പറയുന്നതു്, നിൻെറ തള്ളേടെയല്ലേ നീ മകൻ. അഞ്ചു കൊല്ലം കളിച്ചു് ജയിച്ചൊരു കേസാ. അതൊന്നു പറയാമെന്നു കരുതിവന്നപ്പം അവള നാട്ട നെരങ്ങാൻ പോയിരിക്കയല്ലെ?

ബാ-നമ്മക്കതുകൊണ്ടൊരു ഗുണം എന്നതാ ചാച്ചാ.

തോ—നമ്മക്കു ഗുണമേ ഒള്ളുമോനെ. ആ വസ്തു മുഴവൻ നമ്മക്കു കിട്ടുകേലെ? അവരെ നാളെത്തന്നെ എറക്കിവിട്ടു് ആ ചെററപ്പുരയ്ക്കു ഞാൻ തീ വെക്കും.

ബാ-അവരെങ്ങോട്ടുപോകും ചാച്ചാ?

തോ-അവരോ? അവരു വഴിയാരികിലേയ്ക്കു് പോയി തെണ്ടട്ടടാ അവര് - തെണ്ടട്ടെ.

ബാ—(അപേക്ഷാസ്വരം) ചാച്ചാ-

തോ-അതിനു നെനക്കെന്താടാ ഒരു വിമ്മിഷ്ടം.

ബാ-അവരു പാവങ്ങളല്ലെ?

തോ—(പൊള്ളച്ചിരി) ഹാ- ഹാ- ഹാ- പാവങ്ങരം! എന്നെ അഞ്ചുകൊല്ലം കോടതി കയററിയിറക്കിയവരാ പാവങ്ങരം! നിന്നോടിതാരുപറഞ്ഞെടാ അവരു പാവങ്ങളാന്നു്. ഓ, നിൻെറ തള്ള, ആ ഉറിയേപ്പുണ്യാളത്തി പറഞ്ഞതായിരിക്കും

ബാ-അമ്മച്ചിയൊന്നുമല്ലച്ചായാ. മനുഷ്യരു പറയുന്നതാ.

തോ-മനുഷ്യരോ? എന്തോന്നാടാ മനുഷ്യരു പറയുന്നതു്.

ബാ—അച്ചാച്ചൻ പാവങ്ങളെ ഇട്ടു കഷ്ടപ്പെടുത്തുകയാന്നും, കള്ളക്കേസും ഒക്കെ ഉണ്ടാക്കി പാവങ്ങളുടെ മൊതലു പിടിച്ചുപറിക്കയാണെന്നും ഒക്കെ.

തോ-ഫാ- ഏതവനാണെടാ അതു പറഞ്ഞതു്? ഇപ്പം കൊടുക്കണം അവൻെറ പേരിൽ മഹസ്സറൊന്നു് പരദൂഷണം മനപ്പൂർവമുള്ള മാനഭംഗപ്പെടുത്തൽ, എല്ലാം ചേർത്താൽ വകുപ്പിച്ചിരെ വലുതാ. ആരാടാ അതു പറഞ്ഞതു്?

ബാ-ആരാന്നു ഞാൻ കണ്ടില്ല. ഇന്നലെ പള്ളിക്കൂടത്തീന്നു വരുന്നവഴിയ്ക്കു് ആ കവലയ്ക്കു കുറെപ്പേരു നില്ക്കുന്നകണ്ടു. ആ കൂട്ടത്തിൽ അരാണ്ടാപറഞ്ഞെ.

തോ-നീ, അതും കേട്ടോണ്ടിഞ്ഞുപോന്നു. അല്ല എന്തിനാ നിന്നെ പറയുന്നെ, നിൻെറ തള്ളേടെയല്ലെ നീ മകൻ.

ബാ-ഇച്ചാച്ചനോടു ഞാനൊരു കാര്യം പറയട്ടെ?

തോ- എന്നതാടാ ഇത്ര വലിയ കാര്യം?

ബാ-നമ്മക്കു സൊത്തൊക്കെ ഒത്തിരി ഉണ്ടല്ലൊ ചാച്ചാ. ഇനി ഇങ്ങനെ പാവപ്പെട്ടവരുടെ.

തോ-ഫാ. കേറടാ അകത്തു്. എടാ കേറാൻ. (ബാബു മടിച്ചു് പോകുന്നു) അവൻ കൊണതോഷിക്കാൻ വന്നിരിക്കുന്നു. അല്ല, എന്തിനാ പറയുന്നെ, തള്ളടെയല്ലെ മകൻ.

**(തോമ്മാച്ചൻ കാലിൽ കാലുകയറ്റി ഗൌരവത്തിൽ ഇരിക്കുന്നു. അന്നാമ്മ പ്രവേശിക്കുന്നു—കുലീനതയുള്ള പകപ്രകൃതി—മുണ്ടും ചട്ടയും—കവണി മടക്കിയതോ വെളുത്ത തോർത്തോ തോളിൽ)**

അന്നാമ്മ—(മന്ദഹസിച്ചു) നമ്മളെപ്പംവന്നു? ഞാൻ പുറത്തേയ്ക്കൊന്നിറങ്ങിയതായിരുന്നു.

തോ—(ഗൌരവം) നീ, നാടുനെരങ്ങി കഴിഞ്ഞോടീ, എടി കഴിഞ്ഞോന്നു്.

അ—ആ കിഴക്കേപ്രത്തെ വല്ല്യമ്മയ്ക്കു് സുഖക്കേടു കൂടുതല. കുദാശവരെ കൊടുത്തു.

തോ· നിറുത്തടി. നിൻെറയൊരു കൂദാശ. നീയെന്നാ അവരോട്ട മരിക്കേണ്ടെന്നു പറയാൻ പോയതാണോ?

അ-ഞാൻ പറഞ്ഞാൽ മരിക്കുകയോ മരിക്കാതിരിക്കയോ ചെയ്യുമോ? അതെല്ലാം തമ്പുരാൻ കർത്താവിൻെറ കയ്യിലല്ലേ?

തോ- തമ്പുരാൻ കർത്താവിൻെറ പെങ്ങടെ മകളല്ലേ നീ. നീ പറഞ്ഞാൽ അങ്ങേർക്കു കേൾക്കാണ്ടിരിക്കാവോ?

അ—എന്തിനാ നമ്മളിങ്ങിനെ ഏററക്കുറെണം പറയുന്നെ, ആട്ടെ കേസെന്തായി?

തോ—ഓ. നിനക്കതൊക്കെ അറിയണോന്നൊണ്ടോ?

അ—പിന്നെ നിങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങൾ അറിയണോന്ന് എനിക്കില്ലേ?

തോ—ഇതാ പറയുന്നതു് നിൻെറയൊക്കെ തലേൽ ഒരു വകയ്ക്കു കൊള്ളാത്ത കളിമണ്ണാണെന്നു്. എടീ, ഞാനീ കഴിക്കുന്നബുദ്ധിമുട്ടുകളൊക്കെ എനിക്കുവേണ്ടി മാത്രമാണോ?

അ-അല്ല.

തോ_പിന്നാർക്കുവേണ്ടിയാ?

അ—എനിക്കും കുഞ്ഞിനും എല്ലാം വേണ്ടിയാ.

തോ-പിന്നെയെന്നാ നീ പറയുന്നതു്. നിങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളെന്നു്?

അ-അതു കേസിൻെറ കാര്യം പറഞ്ഞപ്പഴല്ലേ?

തോ- കേസെന്നാ എനിക്കു വേണ്ടിമാത്രമാണോ? അതിൻെറ ഗുണം നങ്ങക്കാർക്കും വേണ്ടേ?

അ—(അല്പംഉറച്ച്)അതു വേണ്ട_ഞാനെത്രനാളൊണ്ടു പറയുന്നു ഇങ്ങനെ വല്ല പാവങ്ങളെയും കണ്ണീരു കുടിപ്പിക്കുന്ന ഏർപ്പാടു നിറുത്താൻ— ആർക്കുവേണ്ടിയാ ദൈവത്തിനു നിരക്കാത്ത രീതിയിൽ ഇങ്ങനെ സ

മ്പാദിക്കുന്നതു്? അനുഭവിക്കാൻ ഒരു കുരുന്നല്ലെ ഉള്ളു.

തോ__എടി, നീ കൊണതോഷിച്ചതുമതി. മാട്ടേൽ തോമ്മായുടെ അപ്പനപ്പൂപ്പന്മാരായിട്ടേ കേസ്സും കോടതിയും കൊറച്ചു കണ്ടതാ. വാശിയ്ക്കു് ഒരിടത്തും വിട്ടിട്ടുമില്ല നെനക്കറിയാവോടീ

അ_നിങ്ങളെന്നാപറഞ്ഞാലും ഈ കാര്യത്തിൽ ഞാൻ പറയാനുള്ളതു പറയും അതെൻെറ കടമയാണു്. ഭർത്താവായാലും അനീതി കാട്ടുമ്പോഠം....

തോ__ച്ഛീ, നിറുത്തെടി നിൻെറ പ്രസംഗം. ഭർത്താവ് ഇച്ചിരി മോശക്കാരനായാലും നിൻെറ ചിറകൊന്നും കരിയത്തില്ല. നിനക്കങ്ങു് ഒടലോടെ പോകാം.

അ_എന്നെ എന്തുവേണങ്കിലും പറഞ്ഞോളു. ഞാൻ അങ്ങയുടെ ഭാര്യയാണു്. കേഠംക്കേണ്ടവളും അനുസരിക്കേണ്ടവളുമാണു്. പക്ഷെ_

തോ..പക്ഷെ_

അ–അന്യർക്കിങ്ങനെ ദ്രോഹം ചെയ്യുന്നതു് നിറുത്തണം. നമ്മളു ക്രിസ്ത്യാനികളല്ലെ? നിന്നെപ്പോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കാൻ പറഞ്ഞ ലോകഗുരുവിൻെറ അനുയായികഠം.

തോ–(അല്പംപരുങ്ങി) നീ ഒരു കാര്യം ചെയ്യു്, വന്നവഴിയ്ക്കുതന്നെ അങ്ങോട്ടുപൊയ്ക്കോ,ഇനി വല്ലവരും മരിയ്ക്കാൻ കിടക്കുന്നുണ്ടോ, കൂദാശയ്ക്കു മുട്ടിനില്ക്കുന്നുണ്ടോ, എന്നൊക്കെ പുറത്തിറങ്ങി ഒന്നന്വേഷിയ്ക്കു്–എനിയ്ക്കൊരു സൈ്വാര്യം കിട്ടട്ടെ.

(അന്നാമ്മ അകത്തേയ്ക്കു പോയി കിണ്ടിയുമായി തിരിച്ചുവരുന്നു)

അ_കൈകഴുകിയേച്ചുവന്നേ. ചോറുണ്ണാം.

തോ- അതിനു ചോറിവിടെ വേണ്ടേ?

അ–പിന്നെ നിങ്ങളു നൂറുകൂട്ടം കാര്യവുമായിട്ടു് ഓടിനടക്കു

കല്ലെ ഏപ്പഴാ കേറിവരുന്നതെന്നറിയാവോ? അതു കൊണ്ടു് ചോറൊരീക്കിലും ഞാൻ ആററടിക്കാറില്ല.

തോ– (കള്ളച്ചിരി) അപ്പോഠം നിനക്കെന്നോട്ടു് ഉള്ളിൽ സ്നേഹമുണ്ടു്.

അ— (പതുക്കെ കണ്ണെറിഞ്ഞു് ചിരിക്കാൻ ശ്രമിച്ചു്) ആ, ഉള്ളിലൊരു ശകലം—ഇപ്പോഠം വന്നുചോറുണ്ടെ,

തോ - (തെളിഞ്ഞ്) അന്നാമ്മേ, ന്‌ യിങ്ങു വന്നോടി.

അ - (അടുത്തുവന്നു്) ഉം. എന്നാ.

തോ - നീ ഇവിടെയൊന്നിരുന്നെ ഇന്നു നമുക്കു് വളരെ സന്തോഷമുള്ള ഒരു ദിവസമാ. നീ സ്നേഹമായിട്ടു് എന്തെങ്കിലുമൊക്കെപറഞ്ഞേ.

(കൈ കടന്നു പിടിച്ചു് ഇരുത്താൻ ശ്രമിക്കുന്നു)

അ—(നാണംഭാവിച്ചു്) അയ്യോ എൻെറകയ്യോന്നു വിടു മനുഷേനെ വല്ലമനുഷേരുംകണ്ടാൽ . . .

തോ-മനുഷേരുകണ്ടാലെന്നാ നീ എൻെറ കെട്ടിയോളല്ലെ അടുത്തിരുന്നു വത്തമാനം പറയാൻമേലെ

അ-ചിരിച്ചു്) വയസ്സുനാല്പത്തഞ്ചായി, ഇപ്പഴാശൃംഗാരം. (ഇരുന്നു്) ആട്ടെ, ഇപ്പഴെന്നാ പറയാനുള്ളതു്?

തോ—(മുഖത്തു് ശ്രദ്ധിച്ചു്നോക്കി) നിനക്കങ്ങോട്ടു പ്രായമായിപ്പോയല്ലൊ അന്നാമ്മേ. നീ വല്ലാതെ ക്ഷീണിച്ചുംപോയി. അതെങ്ങിനെയാ, നാടുമുഴവൻ കര്യം അന്വേഷിച്ചുനടക്കും സമയത്തിനു വല്ലതും കഴിയ്ക്കുണ്ടോ?

അ— ഈ ഉപദേശിക്കുന്നആളു് ഇതുവല്ലതും നോക്കുന്നുണ്ടോ? എത്രനാളായി എന്നോടിങ്ങിനെ നേരെ ചൊവ്വെ ഒരു വത്തമാനം പറഞ്ഞിട്ടു്. ദാഹിണ്ടു മോഹിച്ചുണ്ടായ ഒരു കുഞ്ഞാ. അതിനെ ഒന്നുനേരെ കണ്ടിട്ടു എത്രനാളായി?

തോ— ബാബുമോനെന്ത്യേ? നീ അവനെ ഇങ്ങുവിളിച്ചേ,

ഞാൻ അവനെ ഇച്ചിരെ വഴക്കു പറഞ്ഞു.

അ—നിങ്ങളതിനെ വഴക്കും പറഞ്ഞോ? ബാബു,ബാബു മോനെ ബാബൂ.

ബാ-(വാതിക്കൽവരുന്നു)എന്നാമ്മേ.എന്നെ വിളിച്ചോ?

അ—ഞാനല്ല. ദേണ്ടെ അച്ചാച്ചൻ വിളിക്കുന്നു.

തോ-മോനിങ്ങടുത്തു വന്നേ. (ബാബു അടുത്തു വരുന്നു തോമ്മാ തലോടുന്നു)

നീയും അങ്ങുവല്ലാതെ ക്ഷീണിച്ചുപോയി.

അ-- അതെങ്ങിനെയാ അതു വല്ലതുംനോക്കാൻ ഇച്ചാച്ചനു നേരമൊണ്ടോ

തോ-ഇല്ലെടി, കേസുകഴിഞ്ഞില്ലേ? ഇനി ഞാനെങ്ങും പോകത്തില്ല. ബാബൂ എൻെറ മകൻെറ ഒരു പാട്ടുകേട്ടിട്ട് എത്രനാളായി? മകനൊരു പാട്ടു പാടില്ലേ?

അ_വാ. വന്നു ചോറുണ്ടിട്ടു മതി.

തോ—നീ പോടീ. ചോറ്. അവൻ പാട്ടുപാടി കഴിയട്ടെ.

അ—എന്നാ പാടടാ മോനെ.

ബാ-എന്നാ പാട്ടാണച്ചായ?

തോ-നീ എന്നതെങ്കിലും പാടിക്കോ.

**(ബാബു അനങ്ങാതെ നിന്നു് പാടാൻ തുടങ്ങുന്നു-പാട്ടാരംഭിക്കുന്നതോടെ ചുവടുകരം വയ്ക്കുന്നു—തോമ്മാച്ചനും അന്നാമ്മയും സംതൃപ്തിയോടെ നോക്കിയിരിക്കുന്നു—അവസാനത്തെ അടിപാടുമ്പോഠം രണ്ടു പേരുടെയും മദ്ധ്യത്തിലായിനിന്നു് കൈ രണ്ടു പേരുടെയും തോളിലിട്ടു് നില്ക്കുന്നു. പാട്ടു തീരുമ്പോഠം തോമ്മാച്ചൻ മകനെ ചേർത്തു നിറുത്തുന്നു)**

തോ-എൻെറ മകനു് ഏററവും ഇഷ്ടമുള്ളതു് എന്താന്നു പറഞ്ഞേ. ഇച്ചാച്ചൻ വാങ്ങിത്തരാം.

ബാ—(അമ്മയെ നോക്കി) ഞാൻ പറയട്ടെ.

അ—എൻെറ മോൻ പറഞ്ഞോ. ഇച്ചാച്ചൻ വാങ്ങിത്തരും.

ബാ—ഇച്ചാച്ചൻ അതുപോലെ ചെയ്യുമോ'

തോ—ചെയ്യാം മോനെ. നീ പറയ്.

ബാ—ഇച്ചാച്ചൻ നാളെ എറക്കിവിടാൻ പോകുന്ന വീട്ടു കാരെ അവിടെനിന്നു് എറക്കിവിടരുതു്.

തോ—(പെട്ടെന്നു് പിടിവിട്ടു് എണീററ്) നീ ആവശ്യമില്ലാത്ത കാര്യമാണോ പറയുന്നതു്?

അ—അവൻ പറഞ്ഞതു് ആവശ്യമില്ലാത്തതാണോ?

തോ—നീയും അവൻെറ കൂടെയാണോ? ആ, അവൻെറയാണോ? അ, അവൻെറയല്ലെ നീ, തള്ള.

അ—അക്കാര്യം പറഞ്ഞപ്പെഴെന്തിനാ അതുമിതുംപറയുന്നെ.

തോ—എടി, അതു് അവരെ എറക്കിവിടുന്നതു് ഞാനാണോ, സർക്കാരല്ലെ?

ബാ—അച്ചാച്ചൻ സർക്കാരിനോടു പറയണം അവരെ എറക്കി വിടണ്ടന്നു്.

അ—ഏതായാലും നമ്മള കേസു ജയിച്ചു. ആ പറമ്പും പുരയും നമുക്കായി. എന്തെങ്കിലും ഒരു വാടക നിശ്ചയിച്ചു് അവർ അവിടെതന്നെ താമസിക്കട്ടെ.

തോ—(ചിന്തിച്ചു്) ആട്ടെ. ഞാനൊന്നാലോചിക്കാം. നീ പോയി ചോറുവിളമ്പു്.

ബാ—അതുപറഞ്ഞാപ്പോര. ചോറു വളമ്പണ്ടമ്മേച്ചി. അച്ചാച്ചൻ ഇതു സമ്മതിച്ചിട്ടു മതി.

അ—അവൻെറ ഒരാഗ്രഹമല്ലേ? നിങ്ങടെ ഒരേഒരുമകനല്ലെ, അതിനെ വിഷമിപ്പിക്കാതെഅങ്ങു സമ്മതിച്ചേക്കു്.

തോ—(ചിന്തിച്ചു്) പോട്ടെ. എന്തു കൊള്ളിയെങ്കിലുമാകട്ടെ. അവരെ എവിടെയെങ്കിലും താമസിപ്പിച്ചേക്കാം. നമ്മുടെ പടിഞ്ഞാറെ പറമ്പിലെ ആ പഴയ വീടു് വാടകയ്ക്കു കൊടുത്തേക്കാം,

ബാ—(തുള്ളിച്ചാടി) എൻെറ ഇച്ചാച്ചൻ നല്ല ഇച്ചാച്ചൻ.

(അന്നാമ്മ സന്തോഷത്തോടെ അകത്തേയ്ക്കു പോകുന്നു. തോമ്മാ കിണ്ടി കയ്യിലെടുക്കുന്നു)

(കർട്ടൻ)

## രംഗം രണ്ട്

(താഴത്തു് ലൂക്കാച്ചേട്ടൻെറ ഭവനം–സമയം പ്രഭാതം. കർട്ടനുയരുമ്പോഠം രംഗത്താരുമില്ല. സാമാന്യം ഭേദപ്പെട്ട വീട്—ജനാലകഠംക്കൊന്നും കർട്ടനില്ല–വിരിയില്ലാത്ത മേശ–കസാലകഠം—ചുവരിൽ പലയിടത്തായി തിരുഹൃദയത്തിൻെറയും മററും രൂപങ്ങഠം–പൊതുവേ അടുക്കും ചിട്ടയും പോരാ. പുറത്തുനിന്നു് ലൂക്കാ പ്രവേശിക്കുന്നു. രണ്ടാംമുണ്ടെടുത്തു വീശുന്നു—ഭാര്യ കുഞ്ഞേലി അകത്തുനിന്നു് ക്രുദ്ധയായി ഇറങ്ങിവരുന്നു—ലൂക്കാ അല്പം ഭയന്നമാതിരി നോക്കിനിൽക്കുന്നു).

കുഞ്ഞേലി–(ഇടതുകൈ എളിയ്ക്കുന്നി വലതുകൈ ചൂണ്ടി) നിങ്ങളൊരാണാണോ?

ലൂക്കാ – ആരു് ഞാനോ?

കു–അതെ, നിങ്ങളൊരാണാണോന്നു്.

ലൂ–അതെന്നാ കുഞ്ഞേലി നീ അങ്ങിനെ ചോദിച്ചതു്?

കു–അല്ല, ഞാൻ അറിയാൻമേലാഞ്ഞിട്ട് ചോദിക്കുവാ.

ലൂ–നെനക്കിതുവരെ ആ സംശയം തീർന്നില്ലേ? (ശരീരത്തു നോക്കി) എന്നെക്കണ്ടാൽ പെണ്ണാണെന്നു തോന്നുവോ?

കു–തേ, എന്നെക്കൊണ്ടൊന്നും പറയിക്കരുതു്. ആണാണെന്നുപറഞ്ഞു് ചുമ്മാ നടന്നാ മതിയല്ലോ.

ലൂ —ഞാൻ ആണാണെന്നുപറഞ്ഞു ചുമ്മാ നടക്കുവാണോ?
കു—പിന്നല്ലാതെ, നിങ്ങളെക്കൊണ്ടു് എന്തിനുകൊള്ളാം.
ലൂ –എങ്കിലും നീ എന്നോടു് ഈ ചോദ്യം ചോദിക്കുമെന്നു് ഞാൻ കരുതിയില്ല കുഞ്ഞേലി.
(ലിസി—7 വയസ്സ്—ഓമനത്തമുള്ള പെൺകുട്ടി—വാതിക്കൽ വന്നു് നോക്കിനിൽക്കുന്നു.)
കു—ഞാൻ ചോദിച്ചതിലെന്താ ഒരു തെററു്.
ലൂ - ഞാനും ഒന്നു ചോദിക്കട്ടെ?
കു എന്നാ ഞാൻ പെണ്ണാണോന്നാണോ?
ലൂ —അല്ല. എനിക്കാ കാര്യത്തിൽ യാതൊരു സംശയവുമില്ല.
കു-പിന്നെന്താ?
ലൂ —(ലിസിയെ ചൂണ്ടി) ഈ കുഞ്ഞു് ഏതാ?
കു -അവളിവിടത്തെ.
ലൂ —അതുപറഞ്ഞാൽ പോര. അവളുടെ അപ്പനും അമ്മയും ആരാ?
കു—നിങ്ങളും ഞാനും.
ലൂ -കണ്ടോ, കണ്ടോ. അതായതു് എനിക്കു നിന്നിലുണ്ടായ—അല്ലെങ്കിൽ നിനക്കു് എന്നിലുണ്ടായ-മകളല്ലേ ലിസി.
കു-അതെ. അതിനിപ്പം എന്നാവേണം.
ലൂ —പിന്നെ ഞാനൊരാണല്ലെന്നോ, എന്നെ ഒന്നിനും കൊള്ളുകേലെന്നോ പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ കുഞ്ഞേലി? (ലിസി പോകുന്നു.)
കു—(കൂടുതൽ ക്ഷോഭിച്ചു്) ആഹാ-നിന്നോണ്ടു് കിന്നാരിക്കുവാരുന്നോ? തേ, എനിക്കിതൊന്നും പിടിക്കുകേല. നിങ്ങളു കൊറച്ചെങ്കിലും പറഞ്ഞാ കേൾക്കണം.
ലൂ —ഞാനെന്നതാ നി പറഞ്ഞിട്ടു് കേൾക്കാതിരുന്നിട്ടൊള്ളതു്?

കു—മൂന്നാലുദിവസമായില്ലേ ഞാൻ പറയാൻ തൊടങ്ങി യിട്ട്, ആ രാമൻകണിയാനെ ഒന്ന വിളിച്ചോണ്ടു വരണമെന്നു്. എനിയ്ക്കു തീരെ മേലെന്നു്.

ലൂ—നിന്നെക്കണ്ടിട്ട്...

കു—നിങ്ങക്കു ഞാനിങ്ങനെ ഏറുനടക്കുന്നതുകൊണ്ടാ അ ല്ലേ? എൻെറ കർത്താവേ എൻെറ നട്ട—(എളിയ്ക്കു ക യ്യൂന്നി ഞെളിയുന്നു.—ഏവ കം വിടുന്നു).

ലൂ—ഞാൻ കണിയാരോട്ട പറഞ്ഞിട്ടുണ്ടു കുഞ്ഞേലി, അ യാളു വരാത്തതിന് എന്തുചെയ്യാനാ.

കു-ഒന്നിനും കൊള്ളുകേലെങ്കിൽ നിങ്ങടുപോയി തൂങ്ങി ച്ചാക്.

ലൂ—ഞാൻ തൂങ്ങിച്ചത്താൽ ഈ വീട്ടിൽ നീ മാത്രമാകി ല്ലേ? പിന്നെ ഈ പടിക്കൽക്കൂടി ആളുനടക്കുവോ?

കു തേ, ഞാൻ പറഞ്ഞാലൊണ്ടല്ലോ, കുറെ അധികമാ യിപ്പോകും.

(തുള്ളിച്ചാടി അകത്തേയ്ക്കു പോകുന്നു-ബാബു വന്നു് കർട്ടനുചേർന്നു നിൽക്കുന്നു. സ്കൂളിൽ പോകുന്ന വേ ഷം—പുസ്തകസഞ്ചി.)

ലൂ-പേടിക്കാനൊന്നുമില്ല കുഞ്ഞേ. ഇങ്ങു പോരെ. അ തു് ലിസിമോളുടെ അമ്മയാ (പതുക്കെ) ഭദ്രകാളി യൊന്നുമല്ല.

ബാ-ലിസി സ്കൂളിൽ പോരുന്നില്ലേ.

ലി—(പുസ്തകക്കെട്ടുമായി വാതിൽക്കൽ വരുന്നു) ഞാൻ വരുവാ (ഒരുമിച്ചു പോകുന്നു) ഞാൻ പള്ളിക്കൂടത്തിൽ പോകുവാ അമ്മച്ചീ.

(കുഞ്ഞേലി ഇറങ്ങിവരുന്നു.)

കു-എടാ ബാബൂ, നീ എൻെറ കുഞ്ഞിനെ വഴിയ്ക്കു് സൂ ക്ഷിച്ചു കൊണ്ടുപൊയ്ക്കോള്ളണം കേട്ടോ?

ബാ—ഓ.

കു—അവളെ മുന്നിൽ നിറുത്തി, നീ പൊറകിൽ നിന്നാൽ മതി.

ബാ—ആ അത്രയേ ഉള്ള.

(ബാബു, ലിസി, നടന്നു മറയുന്നു)

ലൂ-എടീ, മുന്നേന്നു വല്ല കന്നുകാലിം വന്നാലോ?

കു-അതുനേരാ. എടാ ബാബൂ, നീ മുന്നെ നിന്നോ അവളെ പൊറകിൽ നിറുത്തിയാ മതി.

ലൂ-വേണ്ടടി, മുന്നേന്നു വന്നാൽ കാണാം, ചില കന്നുകാലി പൊറകീന്നു് ഓടിച്ചിട്ട കുത്തും.

കു-എടാ ചെറുക്കാ, അവിടെ നില്ലെടാ. നീ പൊറകിൽ നിന്നാമതി. അവളെ മുന്നിൽ നിറുത്തിയ്ക്കോ?

ലൂ-(കള്ളച്ചിരി) അതു രണ്ടും കുഴപ്പമാ കുഞ്ഞേലി.

കു—പിന്നെയെന്താ ചെയ്യുന്നെ. നിങ്ങളൊരു വഴിപറഞ്ഞേ,

ലൂ—ഒരൊററ വഴിയേ ഉള്ള.

കു-അതെന്നതാ?

ലൂ-നേരെ ഇവിടന്നു പള്ളിക്കൂടത്തിലോട്ടൊള്ള വഴി.

കു അയ്യോ, തേ, എനിയ്ക്കു ശരീരം മേലാണ്ടിരിക്കുവാ. അല്ലെങ്കിൽ ഞാൻ വല്ലോം പറഞ്ഞേനേ.

ലൂ-അല്ലെങ്കിൽ പിന്നെ വേറൊരു വഴിയുണ്ടു് കുഞ്ഞേലീ.

കു—അങ്ങു കരോട്ടൂടെ കെടക്കുന്ന വഴിയായിരിക്കും അല്ലേ?

ലൂ-അല്ല. നീയുംകൂടി അങ്ങു പോയാൽ മതി. നിനക്കു മുമ്പിലും, ബാബൂനു് പുറകിലും നിക്കാം. ലിസിമോളു നടക്കും.

കു-എന്നാ നിങ്ങക്കെന്തു മേലേ?

ലൂ—ഞാൻ പോയതുകൊണ്ടെന്നാ കാര്യം?

കു—അതെന്നാ കാര്യമില്ലാത്തെ?

ല്യ–എന്നെ, കന്നുകാലിയ്യോരെണ്ണത്തിനു പേടിവേണ്ടേ?
കു-പിന്നെയെന്നാ എന്നെ കന്നുകാലിയ്ക്കു പേടിയാണോ?
ല്യ–നിന്നെയാർക്കാ പേടിയില്ലാത്തതു്? ഞാൻ നിൻെറ കെട്ടിയവനല്ല, എനിക്കു നിന്നെ പേടിയായപ്പം ബാക്കിയൊള്ളോരുടെ കാര്യം പറയണോ? നിന്നെ കണ്ടാൽ കെട്ടിയിട്ട കന്നുകാലി കുററിപറിച്ചോണ്ടോടും.
കു—തേ, തേ, പറഞ്ഞുപറഞ്ഞു് അത്രയ്ക്കങ്ങു കെഴക്കോട്ടു പോകാതെ.

(രാമൻകണിയാർ പ്രവേശിക്കുന്നു-ചന്ദനം പൂശിയ നെററി, മൂക്കിൽ കണ്ണട, കക്ഷത്തിൽ പഴയ കുട)
(കുഞ്ഞേലി കണിയാരെ കണ്ടയുടനെ തുടർച്ചയായി മൂന്നാലു് ഏമ്പക്കം വിടുന്നു- എളിയ്ക്കു് കൈകുത്തിനിന്നു് ഞെളിയുന്നു. അസ്വാസ്ഥ്യം നടിക്കുന്നു.)

ല്യ–കണിയാരു വന്നോ? ഇരിക്കു് (കസേര കാണിക്കുന്നു)
രാ—(ഇരുന്നു്) ഗുമ്മൻെറ കോപമാണു്. വാതസംബന്ധമായുണ്ടായ ശരീരാസ്വാസ്ഥ്യം പിത്തത്തെയും, കഫത്തെയും സമന്വയിച്ചു. ത്രികാലദോഷങ്ങൾ ഒരുമിച്ചുണ്ടായാൽ കൈകാലുവേദന, കഴുത്തുവേദന, നെഞ്ചിടിപ്പു്, തലയിൽ ചിരങ്ങു്, കുഴിനഖം, മൂണ്ടിനീരു, അരിമ്പാറ, കറുത്ത മറുകു്, ഇവ ഉണ്ടാവാം. പ്രസവം കുറെ ബുദ്ധിമുട്ടാവും.
ല്യ—അല്ലവൈദ്യരെ, (കൈയ്യിൽ നോക്കി) കറുത്ത മറുകു് ഗുമ്മൻെറ ഉപദ്രവംകൊണ്ടാണോ?
രാ—എന്താ സംശയം, അഷ്ടാംഗഹൃദയത്തിൻെറ ആദ്യത്തെ പേജിൽ തന്നെ പറഞ്ഞിരിക്കുന്നതു് അതല്ലേ?
ല്യ-അപ്പോൾ പ്രസവത്തിൻെറ കാര്യം പറഞ്ഞതോ?

രാ-പ്രസവിക്കും എന്ന കാര്യത്തിൽ ശങ്കവേണ്ട. പക്ഷെ അൽപ്പം ചില പ്രയാസങ്ങളുണ്ടാവും.

ലൂ-വൈദ്യരെ, എനിയ്ക്കിപ്പഴേ ഒരു പ്രയാസം. ഇതുക ണ്ടോ ഒരു കറുത്ത മറുക് (കൈകാണിക്കുന്നു.)

കു-നിങ്ങളെ കെട്ടിയെടുക്കാൻ ഒന്നു മിണ്ടാതിരി മനുഷ്യ നെ-ഒന്നാംതരക്കാരത്തി പെണ്ണുങ്ങള വിചാരിച്ചിട്ട ഇപ്പം പ്രസവിക്കാൻ പററുന്നില്ല. പിന്നെയാ നി ങ്ങള .

രാ-(കുഞ്ഞേലിയോട്) ഇതു് തുടങ്ങിയിട്ടെത്ര നാളായി?

ലൂ ഇതു് ഞാനിവളെ കെട്ടുമ്പഴം ഉള്ളതാ. 20 കൊല്ല മായി.

രാ-ഗ്രമ്മൻെറ കോപം കാലദേശങ്ങളെ അതിജീവിക്കുമെ ന്നാണു വിധി

കു-എനിക്കിതു തുടങ്ങിയിട്ടു് നാലഞ്ചേ ആയുള്ളൂ കണി യാരേ.

ലൂ-അല്ല കുഞ്ഞേലീ കറുത്ത മറുക് പണ്ടേ ഉള്ളതാ.

രാ-ഭക്ഷണകാര്യത്തിൽ പ്രത്യേക നിഷ്ക്കർഷ വേണം.

ലൂ-അതവളോട്ട പറയണ്ട വൈദ്യരെ ഒരു മിനിട്ടു് മുടക്ക കേല-എന്തു കിട്ടിയാലും കഴിച്ചോളും.

രാ- (ഒരു കടലാസുപൊതി മടിയിൽനിന്നെടുത്തു കൊടു ക്കുന്നു.) മഹാഗുണദായകം 'ഗുളികയാണു്.' ദിവ സം മൂന്നുനേരം ഇഞ്ചിനീരിൽ കഴിക്കണം.

ലൂ- ഇഞ്ചിനീരിൽ തന്നേ വേണോ കണിയാരെ?

രാ- അതെന്താ ഇഞ്ചികിട്ടാൻ പ്രയാസമുണ്ടോ!

ലൂ- ഇഞ്ചികിട്ടാൻ പ്രയാസമായിട്ടല്ല. സ്വതേ അവളുടെ പ്രകൃതം ഇഞ്ചിനീരു കുടിച്ചമാതിരിയാണു്. അതി നു പുറമെ......

ക- നിങ്ങളൊന്നു മിണ്ടാതിരിക്കുമോ? ആട്ടെ വൈദ്യരെ, ഇതു മതിയോ?

രാ_ ഒരു കഷായത്തിനുകൂടി ചാത്താം.
(മടിയിൽനിന്നു് ഒരു കടലാസെടുത്തു്) ചാർത്തു് കൈവശംതന്നെ ഉണ്ടു്. (വായിക്കുന്നു) ശർക്കര, ഈത്തപ്പഴം നെല്ലു കുരുപ്പിച്ചതു്, കരികോൽപ്പട്ട, നവസാരം

ലൂ—(ചാടിചണീററ്) നിറുത്തിയ്ക്കേ വൈദ്യരെ.

രാ_ (നിറുത്തി കണ്ണാടിയ്ക്കിടയിലൂടെ നോക്കുന്നു)

ലൂ—കരികോൽപ്പട്ടയുണ്ടെങ്കിൽപിന്നെ നവസാരം വേണോ? നവസാരം ശരീരത്തിനു്....

രാ_ എന്താ ഒരു ശങ്ക?

ലൂ- ശങ്കയൊന്നുമില്ല ഈ ചാർത്തിൽ വയ്ക്കുന്ന കഷായം കുഞ്ഞേലിയ്ക്കു പകരം ഞാൻ കുടിച്ചോളാം

രാ_ അതിനെന്താ. സുഖക്കേടുവിവരം പറഞ്ഞാൽ വേറെയും ചാർത്തു് ആവാമല്ലോ.

ലൂ—വേണ്ട. ചാത്തിതുതന്നെവേണം. ശർക്കര, ഈത്തപ്പഴം,നെല്ലുകുരുപ്പിച്ചതു്, കരികോൽപ്പട്ട (സംശയിച്ചു്) ..നവസാരം കുറച്ചുമതി_ഇവപാകത്തിനു വെള്ളത്തിൽ കലക്കി മൂന്നോ നാലോ ദിവസം മണ്ണിലോ മറേറാ കുഴിച്ചിട്ടു് മൂക്കുമ്പോഴെടുത്തു വാററി ചൂടാറുമ്പോഠം ഇറച്ചിയോ മീനോ കൂട്ടി കഴിക്കാനല്ലെ?

രാ- (ചാർത്തുനോക്കി-ഇളിഭ്യചിരി) ഇതു കഷായത്തിനുള്ള ചാർത്തല്ല. നേരിയ പിശകുപററി.

ലൂ- അതിൽപിശകൊന്നുമില്ല. യോഗപ്പടി ഒത്തിട്ടൊണ്ടു്,

രാ- അല്ലെങ്കിൽ കഷായം വേണ്ട. നെറുകയിൽ വടിയ്ക്കാൻ തരാം.

ലൂ- നെറുകയിലേതു വടിയ്ക്കുന്നതു് കത്തികൊണ്ടല്ലെ?

രാ—അല്ല. നല്ലൊരു തളം വടിക്കണം.

ലൂ—ഓ-അതു ശരി-നെല്ലിയ്ക്കാത്തളം. എൻെറ കുഞ്ഞേലിയു ടെ രോഗം വൈദ്യർക്കു പിടി കിട്ടിയതിപ്പഴാ.

കു—അല്ലേലും കഷായം വേണ്ട കണിയാരെ. അതിനു വ ല്ല്യ പഥ്യമൊക്കെ വേണ്ടെ? എനിക്കിച്ചിരെ എരി വും പുളിയും, വല്ല ഒണക്കമീനെങ്കിലും ഇച്ചിരെ ഇല്ലാതെ ഒരുവക കഴിക്കാൻ മേല.

രാ—എന്നാൽ തളത്തിൽ നിറുത്താം.

ലൂ-അതു വേണ്ട. അവളെ തളത്തിൽ നിറുത്തുന്നതു കഷ്ടമാ. വീട്ടിലേയ്ക്കു കയററി നിറുത്തണം. പിന്നെ വല്ല നി വത്തിയുമുണ്ടെങ്കിൽ അല്പം തളർത്തി നിറുത്തിയാൽ കൊള്ളാം,

കു—ഛേ.നിങ്ങളുടെഅധിക്ഷേപം കുറെക്കൂടിപ്പോണു. എനി ക്കാകാമായിരുന്നെങ്കിൽ ഞാൻവല്ലോം പറഞ്ഞേനെ.

രാ—തളം വടിക്കുമ്പോൾ കുളി വർജ്ജിക്കണം.

ലൂ — അതു പറയണ്ട വൈദ്യരെ. തളമില്ലെങ്കിലും കുളിയെ ന്ന ദോഷം എൻെറ കുഞ്ഞേലിക്കില്ല.

കു—പിന്നെയേ, ഇല്ലാവചനം പറഞ്ഞാലൊണ്ടല്ലൊ. നി വത്തിയൊണ്ടെങ്കി ആഴ്ചേലൊരു കുളി ഞാൻ മൊട ക്കാറില്ല വൈദ്യരെ.

ലൂ—അതു ശരിയാ. ഞായറാഴ്ച പള്ളീൽ പോകണമല്ലൊ എന്നോർത്തു് തരപ്പെട്ടാൽ ശനിയാഴ്ച ഒന്നു മേല കഴു കും. എന്നാലും തല നനയ്ക്കുന്ന കാര്യം പുരുകമൊണു് (ആലോചിച്ചു്) ഏതായാലും മിശിഹാ തമ്പുരാൻ പുരുഷന്മാരോടു ചെയ്ത വലിയൊരു ഉപകാരം!

കു —എന്നതാ മിശിഹാതമ്പുരാൻ ചെയ്തതു് ?

ലൂ—ആഴ്ചയിലൊന്നു പള്ളിയിൽപോകയും ശുദ്ധമായി ആ ചരിക്കയും ചെയ്യണമെന്നു് കല്പിച്ചതു്. അതുകൊ

ണ്ടു് ഈ കരയിലൊള്ള പെണ്ണുങ്ങളൊക്കെ ആഴ്ചയിലൊന്നെങ്കിലും കളിച്ചെന്നു വരുത്തുന്നുണ്ടു്, മാസത്തിലൊന്നു് ശുദ്ധമായി ആചരിക്കണമെന്നാ തമ്പുരാൻ കല്പിച്ചിരുന്നതെങ്കിൽ നിങ്ങടെക്കൂടെയൊക്കെ പൊറുക്കാൻ പററുമാരുന്നോ?

കു–നിങ്ങളിവിടെ വത്താനിച്ചോണ്ടിരിക്കാതെ അകത്തോട്ടു കേറി വല്ലോം വേണേൽ വിളമ്പി തിന്നു്. ഞാൻ വൈദ്യരോടു് സുഖക്കേടു വിവരം എല്ലാം ഒന്നു പറയട്ടെ. പിന്നെ ആ കുട്ടിപ്പാളേൽ ഇച്ചിരെ ഒണക്കമീനൊള്ളതു് എടുത്തേക്കരുതു്.

ലൂ–(എന്തിനു്) വൈദ്യരെ നമുക്കിവിടെതന്നെ അങ്ങു താമസിച്ചാലെന്നാ?

കു–നിങ്ങളൊന്നു പോകുന്നുണ്ടോ? (പോകുന്നു)

രാ–നെറുകയിൽ വടിക്കവാൻ:–ദേവതാരവേരു്, കുറുന്തോട്ടിത്തൊലി, അമൃതിൻപടം, കാഞ്ഞിരക്കുരു, ചെന്നിനായകം.

(കർട്ടൻ)

# രംഗം മൂന്നു്

(ഒരു നാട്ടിൻപുറത്തെ വഴി - ബാബു, ലിസി, സ്കൂം വിട്ട വരുന്നു—ബാബുവിൻെറ പുസ്തകങ്ങടം സഞ്ചി യിലാണു്. ലിസി അടക്കിപ്പിടിച്ചിരിക്കുന്നു).

ബാ—ലിസി, നിങ്ങടെ ടീച്ചർ ഇന്നു പഠിപ്പിച്ച പാട്ടു് നീ പഠിച്ചോ?

ലി—ഞാൻ നല്ലോണക്ക പഠിച്ചു.

ബാ-എന്നാ അതൊന്നു പാടിസ്സേ.

ലി—ഞാൻ പാടുകേല. പാട്ടും പാടിക്കോണ്ടു നിന്നാ അമ്മ ച്ചി വഴക്കു പറയും. പള്ളിക്കൂടം വിട്ടിട്ട" എത്ര നേര മായി. ദേണ്ടു" പിള്ളേരെല്ലാംപോയി.

ബാ—ഓ. നെനക്കുമാത്രേ അമ്മച്ചിയൊള്ളൂ. പെണ്ണിനുപാടാ നറിയത്തില്ലേ. (മൂക്കത്തു വിരൽ വയ്ക്കുന്നു)

ലി—ആരാ പറഞ്ഞതു് അറിയത്തില്ലെന്നു്, ചെറക്കനായി രിക്കും അറിയത്തില്ലാത്തതു്.

ബാ-എന്നാചൊണയൊണ്ടേങ്കി ആ പാട്ടൊന്നു പാടിസ്സേ. (ബാബുഒരു കല്ലിലിരിക്കുന്നു. ലിസിമറ്റൊന്നിലും ഇരുന്നു് പാട്ടു പാടുന്നു.)

ബാ—(പാട്ടു തീരുമ്പോഠം കയ്യടിക്കുന്നു).

ലി—നീ എന്നാ ചെറുക്കാ, കൈ കൊട്ടുന്നതു്.

ബാ—പാട്ടു് വല്യ മോശമല്ല,

ലി—(കൊഞ്ഞനം കാണിക്കുന്നു.)

ബാ—പെണ്ണേ കൊഞ്ഞനം കാണിച്ചാലെ നരകത്തിൽ പോകും കേട്ടോ.

ലി—അയ്യേ, ഇല്ലേ. പെണ്ണുങ്ങളാരും നരകത്തിൽ പോകത്തില്ലേ.

ബാ-ഇതാരാ പറഞ്ഞെ. പെണ്ണുങ്ങളാ മുഴവൻ നരകത്തിൽ പോണെ.

ലി—പോ ചെറുക്കാ ആണുങ്ങളാ നരകത്തിൽ പോകുന്നെ.

ബാ—ആണുങ്ങള മോക്ഷത്തിൽ പോയില്ലെങ്കിലും നരകത്തിൽ പോകത്തില്ല.

ലി-പിന്നെ അവരെവിടെയാ പോകുന്നെ.

ബാ-അവരു ശുദ്ധീകരസ്ഥലത്തിൽ പോകും. കൊററെക്കഴിഞ്ഞു് മോക്ഷത്തിലോട്ടു് കേറും.

ലി-(കൈവളച്ചു് മുട്ടിൽ തട്ടി) ഇപ്പക്കാണാം. ഇമ്മിണി പുളിക്കും.

ബാ—ലിസി, നമുക്കിച്ചിരെ അക്ക കളിക്കാം.
(കളം വരയ്ക്കുന്നു-ഒററക്കാലിൽ ചാടുന്നു)

ലി—(കളി നിറുത്തി) ബാബൂ, നേരംപോയി.നമ്മക്കപോകാം. ഇന്നെൻെറ അമ്മച്ചിയെന്നെപുളിച്ചേരിവക്കും.

ബാ-നീ നാളെ കുറെ നേരത്തെ കഞ്ഞി കുടിച്ചേക്കണം. ഇന്നത്തെപ്പോലെ താമസിച്ച ചെന്നാൽ സാറു തല്ലിപൊടിയാക്കും.

ലി—നാളെ നമ്മക്ക നേരത്തെ പോരണം.

ബാ-(സഞ്ചി എടുത്തു തോളിലിടുന്നു. ലിസിയുടെ പുസ്തകങ്ങൾ കുനിഞ്ഞെടുത്തു കൊടുക്കുമ്പോൾ സ്ലെയിററു താഴെ വീണു പൊട്ടുന്നു.- (ഒരു പൊട്ടിയ സ്ലെയിററു വച്ചിരുന്നാൽ മതി-ബാബു തന്നെ പൊട്ടിയ സ്ളെയിററു കുനിഞ്ഞെടുക്കുന്നു.)

ലി-(പരിഭ്രമം) അയ്യോ, എൻെറ സ്ലെയിററു പൊട്ടിയോ?

ബാ—(എടുത്തുപിടിച്ചു്) ഇതപ്പിടി പൊട്ടിപ്പോയി.

ലി—അയ്യോ, എൻെറ അമ്മച്ചിയെന്നെ തല്ലിക്കൊല്ലും. (ദേഷ്യം)ചെറുക്കനെല്ലെ എൻെറ സ്ലേയിററുപൊട്ടിച്ചെ.

ബാ-ഞാനാണോ പെണ്ണേ, ഞാൻ തന്നപ്പം നീ മേടിക്കാഞ്ഞിട്ടല്ലേ?

ലി—ഉവ്വ. ഞാൻ മേടിക്കാൻ തൊടങ്ങിപ്പം ചെറുക്കനെത്തു ച്ചമ്മാതെ നെലത്തിട്ട പൊട്ടിച്ചതല്ലെ?

ബാ—അയ്യേ,പെണ്ണു കള്ളം പറയുന്നു. നൊണ പറഞ്ഞാൽ ഞാൻ നാളെച്ചെന്നു ടീച്ചറോട്ട പറയും.

ലി—(കരയാൻ ഭാവിച്ച്) ഞാൻ വീട്ടിൽപ്പോയി അമ്മച്ചിയോട്ട പറയട്ടെ. ചെറുക്കൻ എൻെറ സ്ലേററു പൊട്ടിച്ചേച്ച് (ഏങ്ങലടി—കണ്ണു തിരുമ്മി പോകാൻ ഒരുങ്ങുന്നു).

ബാ—(വിഷമം-അനുനയം) വേണ്ട ലിസി, നിൻെറ അമ്മച്ചി എൻെറ ഇച്ചാച്ചനോട്ട പറയും.- ഇച്ചാച്ചനെന്നെ തല്ലി പൊടിയാക്കും-നീ പറയുവോ?

ലി—(ഏങ്ങലടി) ഞാൻ പറയും.

ബാ—എൻെറ സ്ലേററു വീട്ടിലിരിപ്പൊണ്ട്. ഞാനതു നാളെ നെനക്കു കൊണ്ടെത്തരാം.

ലി—എനിയ്ക്കിപ്പം വേണ്ടല്ലോ. എനിയ്ക്കെൻെറ സ്ലേററുമതി. (കരഞ്ഞുകൊണ്ട പോകുന്നു. ബാബു വിഷമിച്ചു പുറകെ പോകുന്നു.)

ബാ-ലിസീ, വീട്ടിൽ പോയി പറയരുതു് കേട്ടോ.

ലി—ഞാൻ പറയും............

(കർട്ടൻ)

# രംഗം നാല്

('താഴത്തു്' ഭവനം-സമയംവൈകുന്നേരം-കർത്തനയരു മ്പോഠംരംഗത്താരുമില്ല-കുഞ്ഞേലി-ഇടത്തുകയ്യിൽ ഒരു കപ്പ, വലത്തുകയ്യിൽ കത്തി-പ്രവേശിക്കുന്നു ദൂരത്തേക്കു നോക്കുന്നു—ലിസിയെ കാണാത്ത പരിഭ്രമം).

കു—എന്റെ മാതാവെ, എന്റെ കുഞ്ഞു് എന്നാ വാ ഇതുവരെ വരാത്തതു്? (കപ്പ പൊളിക്കുന്നു) ഒന്നന്വേഷിച്ചു പോകാൻ കൂടെ ഇവിടത്തെ ആമ്പ്രന്നോനെ ഒന്നു കാണണ്ടെ. ഇങ്ങനെ ഒരു മനുഷേൻ-അല്ലെങ്കിലെന്തിനാ പറയുന്നെ, എല്ലാം എന്റെ തലേവിധി. ദൈവം തമ്പുരാൻ അങ്ങേർക്കിഷ്ടമുള്ളവർക്കാ കുരിശും സങ്കടങ്ങളും അയയ്ക്കുന്നതെന്നല്ലെ പറയുന്നതു്. (പുറത്തേക്കു നോക്കി) അവളാണല്ലോ വരുന്നതു്.

(ലിസി വിഷാദത്തിൽ കയറി വരുന്നു).

കു—നീ ഇത്രനേരം എന്നാടുക്കുവാരുന്നെടി, മരങ്കേറി

ലി—(വിഷാദം-ഭയം-ഒന്നും മിണ്ടുന്നില്ല.)

കു—എടീ, കോലേക്കേറി, നിന്നോടാ ചോദിച്ചതു്.

(ക്രുദ്ധയായി അടുക്കുന്നു)

ലി—(കരയുന്നു—ഒരു കയ്യിൽ പുസ്തകം അടുക്കിപ്പിടിച്ചു് മററെ കൈകൊണ്ടു് കണ്ണു് തുടയ്ക്കുന്നു).

കു- (ശാന്തയായി) നീയെന്തിനാ മോളെ കരയുന്നെ, നിനക്കെന്നാതാടീ പററിയതു്.

(പുസ്തകം വാങ്ങുന്നു-പൊട്ടിയ സ്ലേയിററ് താഴെ വീഴുന്നു)

കു-(ക്രുദ്ധയായി) ആ സ്ലേററുകൊണ്ടേ പൊട്ടിച്ചേച്ച് വന്നിരിക്കയോ മോങ്ങിക്കൊണ്ടു് അല്ലേ? ഇങ്ങോട്ടു വാടീ. (കൈകടന്നു പിടിക്കുന്നു) എങ്ങിനെയാടീ ഇതു പൊട്ടിച്ചതു്.

ലി-(കരഞ്ഞു നിൽക്കുന്നു).

കു-എടീ, ഇതെങ്ങിനെയാ പൊട്ടിച്ചതെന്നു്.

ലി-(മിണ്ടുന്നില്ല. ഏങ്ങലടി)

കു-നീ പറയത്തില്ല അല്ലേ, നിന്നെക്കൊണ്ടു ഞാൻ പറയിക്കാമെടി. (ക്ഷോഭിച്ച് അകത്തേയ്ക്കു പോകുന്നു-ലിസി പേടിച്ചു നിൽക്കുന്നു-കുഞ്ഞേലി വടിയുമായി വരുന്നു. (കൈ പിടിച്ച്) എടീ നിന്നോടാ ചോദിച്ചതു് (വടിയോങ്ങുന്നു)

ലി-(കരഞ്ഞു്) അയ്യോ എൻെറ അമ്മച്ചീ എന്നെ തല്ലരുതു്. എൻെറ കയ്യീന്നു വീണു പൊട്ടിയതാ.

കു-കയ്യീന്നെങ്ങനെ വീഴാനാടി, നിനക്കു് സൂക്ഷമില്ലാഞ്ഞല്ലെ (അടിക്കുന്നു-ലിസി വട്ടം കറങ്ങുന്നു-കരയുന്നു)

ലി-അയ്യോ, എൻെറ അമ്മച്ചി എന്നെ തല്ലരുതു്. ഞാൻ പറയാം (തല്ലുന്നു) എൻെറ അമ്മച്ചീ, ആ മാട്ടേലെ ബാബു (തല്ലു നിറുത്തുന്നു)

കു-മാട്ടേലെ ബാബു?

ലി-അവൻ എടുത്തപ്പം താഴെ പോയതാ

കു-അവനെന്തിനാടി എടുത്തതു്?

ലി-ചുമ്മാ എടുത്തതാ.

കു-ചുമ്മാതെയൊന്നുമല്ല. എനിക്കറിയാം. അവനേതാണ്ടു് രാഗദോഷം വെച്ചോണ്ടു് പൊട്ടിച്ചതാ.

ലി-അല്ലമ്മച്ചീ

കു–(വടി ചൂണ്ടി) മിണ്ടിപ്പോകരുത്. എന്നിട്ട് നിന്നെ അവനെന്നാ ചെയ്തെ?

ലി–എന്നെ ഒന്നും ചെയ്തില്ല.

കു–ഒന്നും ചെയ്തില്ലെ? പിന്നെ നീ കരഞ്ഞോണ്ട് വന്നതെന്തിനാ?

ലി–ഞാൻ ചുമ്മാതെ.

കു–(വടിചൂണ്ടി) കേറടീ അകത്ത്. ഇതിനൊരു പൊറുതം ഒണ്ടാക്കാമോന്ന് ഞാനൊന്നു നോക്കട്ടെ. ലിസി അകത്തേക്കു പോകുന്നു).
(ലൂക്കാ പ്രവേശിക്കുന്നു)

ലൂ.(പകച്ച്) ഇവിടെയെന്നാ–അതിരമ്പുഴ പള്ളിയിലെ വെടിക്കെട്ടുപോലെ—ഒരു ബഹളം.

കു-നിങ്ങളിത്രേം നേരം എവിടെപ്പോയി കെടക്കുവാരുന്നു

ലൂ–ഈ ഒന്നുമല്ലാത്തനേരത്ത് കെടക്കാനൊക്കുവോ കുഞ്ഞേലി, ഞാനാ ക്ലബ്ബിലിരുന്ന് കുറേനേരം റേഡിയോ കേട്ടു. അത്, ഇരുന്നോണ്ടാ, കെടന്നോണ്ടല്ല, ആട്ടെ. എന്താ ഇപ്പം സംഗതി?

കു-ആണ്ടെ, നിങ്ങടെ മകള്.

ലൂ–(പെട്ടെന്ന്) നിറുത്ത്-നിങ്ങടെയെന്നു പറയാതെ, നമ്മടെയെന്നു പറ.

കു–(തലയിൽ കൈവച്ച്) മുടിഞ്ഞുപോകാൻ—ഇതിയാനോടാരാ വർത്താനം പറയുന്നെ–എന്നാ പറഞ്ഞാലും മൊനയാ.

ലൂ–മുടിയാനല്ല, നന്നാകാൻപറഞ്ഞ–ആകട്ടെ, നീ പറയ്

കു–അതിനെ വഴിയ്ക്ക് ആരാണ്ടെല്ലാം ഉന്തിയിട്ട് സ്ലേറ്റും പൊട്ടിച്ച് ആണ്ടെ ഏല്ക്കാൻ മേലാതെ വന്നുകേറിയിരിക്കുന്നു.

ലൂ-(ഗൗരവം) ഉന്തിയിട്ട് സ്ലേ പൊട്ടിച്ചോ? ആര്?

കു—(സഹതാപസ്വരം)ആരായാലെന്നാ. നിങ്ങടെക്കൊണ്ടോ ഒരു ചൂടൊള്ള പത്തുമാസം ചൊമന്നു പെററതു ഞാനല്ലെ?

ലൂ—(വിളിക്കുന്നു) ലിസി, ലിസീ,

കു—എന്തിനാ വിളിക്കുന്നെ, അതിന് ഏക്കാൻ മേലാതെ എങ്ങാണ്ടുപോയി കെടക്കുവാ.

ലൂ—എന്നാലും ഒന്നു വിളിച്ചേ. ഇതൊക്കെ നേരാണോന്ന് ഞാനൊന്നു ചോദിക്കട്ടെ.

കു-ഞാൻ പറഞ്ഞതൊക്കെ പിന്നെയെന്നാ നൊണയാണോ? അല്ലേലും എനിക്കറിയാം ഞാൻ പറയുന്നതൊന്നും നിങ്ങൾക്ക് വിശ്വാസമാകത്തില്ല.

ലൂ—ആരാ ഇതൊക്കെ ചെയ്യുന്നാ—

കു—ആരാ, ആ മാട്ടേലെ ചെറുക്കൻ. അല്ലാണ്ടാരാ.

ലൂ—ബാബുവോ?

കു-അതെ കുബു, നിങ്ങളിതും കേട്ടോണ്ട് ചുമ്മാ നിക്കുവാണോ?

ലൂ-പിന്നെ ഞാനെന്നാ വേണം?

കു—ആ തോമ്മാച്ചേട്ടൻെറ ഉങ്കല്ലെ ആ ചെറുക്കൻകാണിച്ചതു്? അവൻെറ തള്ളയില്ലേ, ആ ഉറിയേ പുണ്യാളത്തി അന്നച്ചേട്ടത്തി. അവരു ചെറുക്കനോടു പറഞ്ഞുവിട്ടു ചെയ്യിച്ചതാ ഇതു്.

ലൂ—എന്നെങ്ങിനെയാ വിചാരിക്കുന്നെ.

കു-വിചാരിക്കാനൊന്നുമില്ല. നിങ്ങളു പോയി അയാളോട് ഇതൊന്നു ചോദിച്ചേ.

ലൂ—പിള്ളേരു തമ്മിലല്ലെ? എന്നാ ചോദിക്കാനാ?

കു—ഇതാ പറയുന്നതു്, നിങ്ങള് ആണുങ്ങടെ കൊലത്തിൽ പിറന്നതല്ലെന്ന്. ഒന്നുമില്ലെങ്കിൽ മൊഖമടച്ച് നാല് ആട്ടെങ്കിലും വച്ചുകൊട്”.

ലൂ—എനിക്ക് അത്ര കട്ടപ്പമൊള്ള തെറിയൊന്നും അറിയത്തില്ലല്ലോ.

കു—നിങ്ങളതിലെ പോയി എൻെറ ആങ്ങള ചെറുക്കനെ കൂടി കൂട്ടിക്കൊണ്ടുപോ. അല്ലേലും നിങ്ങളുതന്നെ പോയാൽ ഒന്നും പറയത്തില്ല.

ലൂ— ഏതു്, തൊമ്മിക്കുഞ്ഞിനെയാണോ? അവൻ വല്ല അവിവേകോം കാണിച്ചെങ്കിലോ?

കു— അവൻ ചൊണയൊള്ളോനാ. എൻെറയാ ആങ്ങള-അതിവേഗം ഒന്നും കാണിക്കുകേല-നിങ്ങളൊന്നു വേഗം പോയേച്ചു വന്നേ.

(ലൂക്കാ പുറത്തേയ്ക്കു പോകുന്നു)

കു- (വിളിച്ചു പറയുന്നു) അവക്കിട്ടും വെച്ചുകൊടുക്കണം, നാലാട്ടു്.

കു— (രംഗത്തെല്ലാം തിരിഞ്ഞുനോക്കിയിട്ടു്)തമ്പുരാനെ, നേരമങ്ങുപോയി. കുരിശു വരച്ചില്ല. കാലത്തേയ്ക്കൊള്ള കപ്പയും പൊളിച്ചില്ല).
ലിസീ, എടീ ലിസീ, (ലിസി ഇറങ്ങി വരുന്നു)
എടിപെണ്ണേ, ഇങ്ങിനെ ഊമനൊറഞ്ഞപോലെ നിക്കാതെ വന്നിരുന്നു കുരിശു വരയ്ക്കു്-വല്ലവരടേം ഇടീയും കുത്തും കൊണ്ടേച്ചു നടക്കുന്നു.

ലി— എന്നെ ബാബു ഒന്നും ചെയ്തില്ലമ്മേ,

കു— മിണ്ടിപ്പോകരുതു്. ആരു ചോദിച്ചാലും അവൻ നിന്നെ ഉന്തിയിട്ടു് അടിക്കയും, ഇടിക്കയും ചെയ്തെന്നു പറയണം. അല്ലെങ്കിൽ തൊടേലെ തോലു ഞാൻ പൊളിക്കും.

മുട്ട കുത്തി സ്തുതിപ്പു ചൊല്ലെടി. ഞാൻ അഞ്ചാറു കപ്പേം കൂടെ പറിച്ചോണ്ടു വരട്ടെ. കാലത്തെ കേററണ്ടേ. (പോകുന്നു).

(ലിസി തിരുഹൃദയത്തിൻെറ രൂപത്തിനു മുന്നിൽ മുട്ടുകുത്തി നിന്നു് ഒരു ഭക്തഗാനം പാടുന്നു—പാട്ടു തീരുമ്പോറം ഒരു കുട്ടയിൽ കപ്പയും കത്തിയുമായി കുഞ്ഞേലി പ്രവേശിക്കുന്നു. കപ്പ കുടഞ്ഞിട്ടു് ഒന്നെടുക്കുന്നു. അതവിടെവച്ചു് പകുതി മുട്ടിൽനിന്നു് നെററിയിൽ കുരിശു വരയ്ക്കുന്നു. താണിരുന്നു് കപ്പ പൊളിക്കുന്നു-പ്രാർത്ഥന ചൊല്ലുന്നു).

കു—നന്മ നിറഞ്ഞ മറിയമെ നിനക്കു സ്വസ്തി. ഒരു കത്തി എടുത്തോണ്ടുവന്നു് ഇതിക്കൂട്ടു രണ്ടെണ്ണ പൊളിച്ചോടി (ലിസി കത്തി തപ്പുന്നു) കർത്താവു നിന്നോടുകൂടെ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവറം നീ—കത്തി അടുക്കളേൽ കാണും പെണ്ണേ (ലിസി അകത്തു പോകുന്നു). നിൻെറ വയററിൻ ഫലമായ ഈശോ വാഴ്ത്തപ്പെട്ടവനാകുന്നു.

ശുദ്ധമാന മറിയമെ, തമ്പുരാൻെറ അമ്മേ, പാപികളായ ഞങ്ങറംക്കുവേണ്ടി ഇപ്പോഴും ഞങ്ങടെ മരണസമയത്തും— -കത്തി കണ്ടില്ലേടി—തമ്പുരാനോടു് അപേക്ഷിച്ചു കൊള്ളണമെ.

ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ, നിൻ തിരുനാമം ശുദ്ധമാകപ്പെടണം, നിൻെറരാജ്യം വരണം (ലൂക്കാ പ്രവേശിക്കുന്നു) ആ വന്നോ? (കത്തിയിട്ടു് എഴുനേൽക്കുന്നു). നിങ്ങളു പോയിട്ടെന്തായി?

ലൂ— സംഗതി ആകെ കുഴഞ്ഞു.

കു— ഏ, എന്നാ പററി ഞാൻ പറഞ്ഞില്ലെ തൊമ്മൻകുഞ്ഞിനെക്കൂടെ കൊണ്ടുപോകണമെന്നു്.

ലൂ—തൊമ്മൻകുഞ്ഞാടി കുഴപ്പിച്ചതു്.

കു—അവനെന്നാ ചെയ്തു. നാല്ലു വർത്താനം പറഞ്ഞോ?

ലൂ-പറയുകമാത്രമല്ല ചെയ്തതു്. അവൻ കൈവച്ചു.

കു— ആ-അവൻ ചൊണയൊള്ളോനാ. അവനെൻെറയാ ആങ്ങള. അയാറംക്കിട്ടും അവക്കിട്ടും കൊടുത്തോ?

ലൂ— ഇനി എന്നാ അനാമത്തൊക്കെയാണോ വരാൻ പോകുന്നതു്?

കു— എന്നാഒണ്ടായതെന്നു് നിങ്ങളൊന്നുതെളിച്ചുപറഞ്ഞേ

ലൂ— ഞാൻ വഴിക്കുവെച്ചു തോമ്മാച്ചേട്ടനെ കണ്ടു. അയാളേതോ കേസ്സിനു പോയിട്ടു വരുന്ന വഴിയായിരുന്നു. ഞങ്ങളു തമ്മിൽ ഒണ്ടായ കാര്യങ്ങളിങ്ങിനെ പറഞ്ഞു നിക്കുമ്പഴാ നിൻെറ ഫൂ ങ്ങളയുടെ വരവു്. അവൻ മൂക്കററം കുടിച്ചു് ലക്കില്ലാതെ അയാളുമായിട്ടാടക്കി. അവസാനം രണ്ടുമൂന്നു് അടിയും വച്ചുകൊടുത്തു.

കു—നന്നായിപ്പോയി. അങ്ങിനെ വേണം. അവക്കിട്ടുക്കുടി അവിടെ ചെന്നു് രണ്ടു കൊടുക്കണ്ടതായിരുന്നു.

ലൂ—നന്നായിപ്പോയി-മാട്ടേൽ തോമ്മായെയാ നോവിച്ചു വിട്ടതു്. അയാളു പാഷാണത്തിൽ കൃമിയാ-നെനക്കറിയാവോ?

കു—അയാളിപ്പം എന്നാ ചെയ്യാനാ?

ലൂ—ചെയ്യാനെന്നാ ഇല്ലാത്തതു്? അയാളിന്നുതന്നെ ആറംക്കാരെ കൂട്ടി ഈ വീടു കേറി തല്ലാതിരുന്നാൽ കൊള്ളാം.

കു— (പരിഭ്രമിച്ചു്)അന്നിട്ടു് നിങ്ങളിങ്ങനെ നിന്നാലോ?

ലൂ— (കോപം) ഞാൻ പിന്നെ തലയുംകുത്തി നിക്കണോ? എല്ലാം നീ വരുത്തി വെച്ചതല്ലെ?

കു- നിങ്ങളുപോയി ആരെയെങ്കിലും മൂന്നാലുപേരെ കൂട്ടിക്കൊണ്ടു വന്നിവിടെ കെടത്തു മനുഷേനെ.

ലൂ—വരും-ഞാനങ്ങു പറഞ്ഞാൽ മനുഷ്യരെല്ലാരും ഓടിയിങ്ങുവരും—നിൻെറ അടുത്തോട്ടല്ലെ വരണ്ടതു്.

കു—എന്നാൽ എൻെറ ആങ്ങളയെ എങ്കിലും ഇങ്ങോട്ടു കൂട്ടിക്കൊണ്ടുപോരാൻ മേലാഞ്ഞോ?

ലൂ—അവനെ ഞാൻ എടുത്താ വീടെത്തിച്ചത്. നാലുദിവസം കഴിഞ്ഞാലും അവൻെറ കുടീടെ കെട്ടു വിടുമെന്നു തോന്നുന്നില്ല.

കു--നമ്മളിനി എന്നാ ചെയ്യുന്നതു്?

ലൂ—ചെയ്യാനൊന്നുമില്ല. വരുന്നതെല്ലാം അനുഭവിക്കാം.

കു—നമ്മളും വേണ്ടപോലെ കരുതിയിരിക്കണം.

ലൂ:— ആ—നീ കൊറെ കരുതി അവിടെ ഇരുന്നോ. ഇന്നു് അത്താഴം വല്ലതും ഒണ്ടാക്കിയിട്ടുണ്ടോ ?

കു:— [പരിഭ്രമത്തിൽ] അത്താഴം കാണും—നിങ്ങള് വെളമ്പി കഴിച്ചോ. ഉറിയേൽ ഇച്ചിരെ മീൻചുട്ടചതച്ചതൊണ്ടു്. നിങ്ങളെടുത്തോ. പെണ്ണിനുകൂടെ കൊട്—എനിയ്ക്കിന്നൊന്നും വേണ്ട—എന്നിട്ടു നിങ്ങള് അകത്തുകെടന്നോ.

ലൂ:— അപ്പോഠം നീയോ.

കു:— ഞാനിവിടെ ഇരുന്നോളാം. എതവനാ വരുന്നതെന്നു് ഒന്നു് കാണട്ടെ.

ലൂ:— നീ അത്താഴമൊന്നും കഴിക്കുന്നില്ലേ ?

കു—എനിക്കുവേണ്ട മനുഷേനെ-നിങ്ങള് കഴിക്കു്.

(ലൂക്കാ അകത്തേയ്ക്കു പോകുന്നു- കുഞ്ഞേലി പുറകെ പോയി കത്തിച്ച ഒരുവിളക്കു്, വാക്കത്തി, ചൂരവടി ഇവയുമായി വരുന്നു—സ്റ്റേജിൻെറ ഒരരുകിൽ കുത്തിയിരുന്നു് നെടുവീർപ്പയച്ചു് അകലത്തേയ്ക്കു നോക്കുന്നു ഇടയ്ക്കിടെ എണീററു് നോക്കുന്നു—കുറെ കഴിഞ്ഞു് പതിയെ ഉറങ്ങുന്നു—രാമൻകണിയാർ ഒരു മൂടിപ്പുതയുമായി പ്രവേശിക്കുന്നു. (ലൈററു് മങ്ങിയിരിക്കുന്നു) കയ്യിൽ ചൂട്ടു്- പതുക്കെ മുരടനക്കുന്നു.)

കു–ചാടിയെണീററ് തപ്പുന്നു–വിളക്കു കെടുന്നു– ചൂരല്പ കിട്ടുന്നു-അതെടുത്തു് സ്റ്റേജിൽ തല്ലുന്നു–കണിയാർവിറച്ചു നിൽക്കുന്നു) അയ്യോ ഓടിവരണേ,ഓടിവരണേ, അയ്യോ, ലിസീടെ അച്ചായോ ഓടിവരണേ.

(ലൂക്കാ മുണ്ടുടുത്തുകൊണ്ടു് ഓടി വരുന്നു. പരിഭ്രമം–തീപ്പെട്ടി ഉരച്ചു് വിളക്കു കൊളുത്തുന്നു-കുഞ്ഞേലി വെളിച്ചത്തു് വാക്കത്തി കടന്നെടുത്തു് വിറപ്പിച്ചു നില്ക്കുന്നു).

ലൂ–എന്നാടീ കുഞ്ഞേലി.

കു–അതാ വരുന്നൊണ്ടു്-വന്നിട്ടൊണ്ടു്.

ലൂ–ആര്?

കു–അവര്–വീടുകേറി തല്ലാൻ.

ലൂ- ഏതു്-ഒരു കുറുന്തോട്ടി പറിക്കാൻ ജീവനില്ലാത്ത ഈ കണിയാരോ? എടോ കണിയാരെ, താനെന്തിനു വന്നതാ.

ക–ഞാനിച്ചിരെ പുത്തരിച്ചുണ്ട വേരിനു വന്നതാ.

ലൂ–പുത്തരിച്ചുണ്ടവേര്-അതീ രാത്രീലാണോടോ വരുന്നതു്?

ആട്ടെ തനിയ്ക്കു് അടി വല്ലതും കൊണ്ടോ?

രാ-തീർത്തു പറയാൻ വയ്യ. ഞാൻ പെട്ടെന്നു സ്തംഭിച്ചുപോയതുകൊണ്ടു് ഓർമ്മയില്ല.

ലൂ-ആട്ടെ താൻ പെയ്ക്കോ? (കണിയാരു പോകുന്നു–ലൂക്കാ തിരിഞ്ഞു നടന്നു്) നീ ഇവിടെ ഇരിക്കയെല്ലെ?

കു–അല്ല. ഞാനകത്തോട്ടു പോരുകാ;

ലൂ –വേണ്ടടീ. അവരു വന്നാലോ.

കു–എന്നാ നിങ്ങക്കങ്ങിരിക്കാൻ മേലെ. എനിക്കു മേല. എന്നെയങ്ങു കെലുകെലെ വെറക്കുന്നു. (കുഞ്ഞേലി, വാക്കത്തി, വടി, വിളക്കു്–എടുക്കുന്നു- രണ്ടുപേരും പോകുന്നു.)

(കർട്ടൻ)

## രംഗം അഞ്ച്

('മാട്ടേൽ' ഭവനം--കർട്ടനുയരുമ്പോഠം അന്നാമ്മ ഒരു കീറിയ മുണ്ട് തയിച്ചുകൊണ്ടിരിക്കുന്നു. തോമ്മാ സ്വാത്രു കഴിഞ്ഞു പ്രവേശിക്കുന്നു. മദ്ധ്യാഹ്നം).

അന്ന---(എണീററു്) നമ്മളെവിടെ പോയാരുന്നു?

തോ--നിൻെറ അമ്മായിഅമ്മേടങ്ങുവരെ.

അ-എൻെറ അമ്മായിഅമ്മ നമ്മടെ അമ്മയല്ലെ? എവിടെ പോയതാന്നു ചോദിച്ചേനെന്തിനാ ഇങ്ങനെ ദേഷ്യപ്പെടുന്നെ.

തോ-കണ്ട എരപ്പാളികളൊക്കെ— ഈ മാട്ടേൽ തോമ്മായുടെ മുഖത്തു നോക്കി വർത്താനം പറഞ്ഞിട്ടില്ലാത്തോനൊക്കെ— എന്നെ കൈവച്ചു. നിൻേറം നിൻെറ മകൻേറം ഒരു വിശേഷമാ.

അ—ഞാനെന്തു ചെയ്യാനാ. കൊച്ചുകുഞ്ഞുങ്ങളുതമ്മിൽ കളിക്കുകേം, ഇണങ്ങുകേം പിണങ്ങുകേം ചെയ്യും. അതുങ്ങടെ പിണക്കവും ഇണക്കവും രാത്രിയും പകലും പോലാ-മാറിമാറിവരും— അതിനു വിവരമില്ലാത്ത മനുഷ്യർ തെറിപറയാനും തല്ലാനും പുറകെ നടക്കുന്നതു കഷ്ടമാണു്.

തോ-എടീ, നിൻെറ മകനു് ഈ തെണ്ടിപ്പിള്ളേരടെയൊക്കെ കൂടെ കളിക്കാനും കൂടാനും പോകണ്ട വല്ല ആവശ്യം ഉണ്ടോ? അവനിവിടെ എന്നാത്തിനാ ഒരു കുറവു്.

അ—തിന്നുന്നതുകൊണ്ടും കുടിക്കുന്നതുകൊണ്ടും മാത്രം മനു ഷ്യൻ ജീവിക്കുകേല. ഈ സ്നേഹം എന്നു പറയുന്ന വികാരവും മനുഷ്യനിൽ സൃഷ്ടിച്ചതു ദൈവം തന്നെയാ.

തോ—നിൻെറ മകൻ സ്നേഹിച്ചതിൻെറ ഫലമല്ലിയേ കണ്ടതു്?

അ—അതുകൊണ്ടാം. വെളിച്ചമുള്ളേടത്തേ നിഴലുണ്ടാകു. അതു മനസ്സിലാക്കാൻ കഴിവില്ലാഞ്ഞിട്ടാണു് അവരു ന മ്മളോടു വഴക്കിനു വന്നതു്. ബോധമില്ലാത്തവർ ചെയ്ത തെററു് നമ്മള ക്ഷമിച്ചേച്ചാ മതി. അതാ ദൈ വത്തിനിഷ്ടം.

തോ-എന്നാലെ, എൻെറ ഇഷ്ടം അതല്ല. പരദൂഷണം, കയ്യേററം, ഭവനഭേദനം, എന്നീ മൂന്നു വകുപ്പിൽ ഞാൻ കേസു കൊടുത്തിട്ടാ വരുന്നതു്.

അ—അയ്യോ, നിങ്ങള കേസും കൊടുത്തോ?

തോ—ആ. ഞാൻ കൊടുത്തു. അവനും അവളും ആങ്ങളയും കൊച്ചും, എല്ലാം കേറും കൂട്ടിൽ. എൻെറ തറവാടു വിററിട്ടായാലും അവനെ ഞാൻ കൊളം തോണ്ടും,

അ—അതു നല്ല ഏർപ്പാടാ. ആങ്ങളച്ചത്തിട്ടായാലും നാത്തൂ ൻെറ കണ്ണീരു കണ്ടാൽ മതിയെന്നു് അല്ലിയേ?

തോ—ചാകട്ടടി, എല്ലാം ചാകട്ടെ. മാട്ടേൽ തോമ്മായോ ടു് ഒരുത്തൻ കളിക്കരുതു്. (നിറുത്തി) ആട്ടെ, നിൻെറ പൊന്നുസന്തതിയെന്ത്യേ! ആരോടു തല്ലുകൊള്ളാൻ പോയി?

അ—അവൻ പള്ളിക്കൂടത്തിൽ പോയതാ.

(നിറുത്തി) പിന്നെ-നിങ്ങളോടൊരു കാര്യം പറയാ നുണ്ടു്.

തോ—എന്നതാ കൊണദോഷം വല്ലതുമാണോ?

അ—നിങ്ങളിന്നലെ ബാബുവിനെ തല്ലിയതു് കുറെ കടന്നു പോയി. അതിൻെറ തൊടേൽ രക്തം പിണത്തു കിടക്കുന്നു.

തോ—എങ്ങിനെ തല്ലാതിരിക്കും? നീ വളത്തുന്നതങ്ങിനെ യല്ലെ?

അ—ഞാനെൻെറ കുഞ്ഞിനെ ചൊല്ലുവിളിയിൽതന്നെയാ വളർത്തുന്നെ.-പിന്നെ-അതിനു വലിയ പ്രയാസമായി പ്പോയി.

തോ—എന്നാ പ്രയാസം.

അ-വഴക്കും, ചീത്തേം, തല്ലും-ഇന്നലെ രാത്രി അതെൻെറ കൂടെ കിടന്നു പിച്ചും പേയുംപറഞ്ഞു. കുറേശ്ശെ പനിക്കുന്നുമുണ്ടായിരുന്നു.

തോ-എന്നതാ പിച്ചും പേയും പറഞ്ഞത്?

അ—അയ്യോ അച്ചാച്ചാ തല്ലല്ലെ? ആ കൊച്ചിൻെറ പേരും ഇടയ്ക്കിടെ പറയുന്നുണ്ടായിരുന്നു.

തോ—ആ മരംകേറി പെമ്പ്രന്നോത്തീടെ മകടെ പേരല്ലെ? എന്നതാ, ലിസിയോ കുസിയോ? അവനിട്ടിനീം കൊടുക്കണം.

അ-നിങ്ങളിങ്ങിനെയൊക്കെ തൊടങ്ങിയാലോ? കന്നിയും കടിഞ്ഞൂലുമായിട്ട് ഒന്നേ ഉള്ളു. അതിനെ ഇട്ട് ഇങ്ങനെ വിഷമിപ്പിച്ചാ അന്തശാപം കിട്ടും,

(രാമൻകണിയാർ പ്രവേശിക്കുന്നു)

തോ—ഇതാര് രാമൻകണിയാരോ, എന്താ പതിവില്ലാതെ ഇതിലെയൊക്കെ?

രാ- അല്പം കാഞ്ഞിരവേരു വേണ്ടിയിരുന്നു.

തോ-അതിനിവിടെ കാഞ്ഞിരമില്ലല്ലൊ കണിയാരെ.

രാ-കാഞ്ഞിരം വേണ്ട—വടക്കോട്ടു പോയ വേരുമതി.

തോ—ശ്ശെടോ-കാഞ്ഞിരമില്ലാതെയെങ്ങിനെയാ വടക്കോട്ടു പോയ വേരുതരുന്നെ.

രാ-പുത്തരിച്ചുണ്ടയൊണ്ടോ?

തോ—ഇവിടെ പുത്തരിച്ചുണ്ടയുമില്ല-പഴയരിച്ചുണ്ടയുമില്ല.

രാ—കുറുന്തോട്ടി?

തോ—എടോ ഇതെന്നാ അങ്ങാടിപ്പെട്ടിയോ മറേറാ ആണോ? എന്തിനാകുറുന്തോട്ടി, തൂങ്ങിച്ചാകാനാണോ?

രാ—ഒരു കഷായം വെക്കണം. (ശരീരം തടവി) വല്ലാത്ത വേദന—പ്രഹരമേററു.

തോ—അതെവിടുന്നു്?

രാ—ഞാനിന്നലെ രാത്രി ഒരു കഷായത്തിനു മരുന്നന്വേഷിച്ചു് ആ 'താഴത്തു'വരെ പോയി. ഞാനങ്ങുചെന്നു കേറിയില്ല, അതിനുമുമ്പു് ആ പെണ്ണുമ്പിള്ള സന്നിബാധിച്ചപോലെ അലറി, ഒരു വടിയെടുത്തു് ചപ്രം ചിപ്രം അടി.

തോ—അങ്ങിനെ വരട്ടെ. (ഗൗരവം) കണിയാരെ, ഇതങ്ങിനെ വെറുതെ വിടരുതു്.

രാ—ഞാനെന്തു ചെയ്യാനാ?

തോ—കൊടുക്കണമെടോ കേസ്സൊന്നു്. മനപ്പൂർവ്വം ജീവഹാനി വരുത്തുവാനുദ്ദേശിച്ചുള്ള മർദ്ദനമാണു്. അതിൻെറ ശിക്ഷ ജീവപര്യന്തമാണു്.

അ—നമ്മളെന്തിനാ ഈ ആവശ്യമില്ലാത്ത കാര്യത്തിലൊക്കെ ഇടപെടുന്നതു്?

തോ—ഇടപെടണമെടീ; അവരങ്ങിനെ കരേലുള്ള എല്ലാവരേയും പേടിപ്പിക്കാൻ തുടങ്ങിയാലോ?
ആട്ടെ കണിയാരു് ഒരു കാര്യം ചെയ്യ്. നാളെരാവിലെ ഇങ്ങോട്ടിറങ്ങ്—നമുക്കു് കോടതിവരെ ഒന്നു പോകാം.

രാ—എൻെറ കയ്യിലൊന്നുമില്ല. വീട്ടിൽ കഞ്ഞിവെച്ചിട്ടു തന്നെ രണ്ടുമൂന്നായി.

തോ—അതൊന്നും താനറിയണ്ട—എൻെറ കൂടെ പോന്നാൽ മതി. (മടിയിൽനിന്നു് 5 രൂപാ എടുത്തുകൊടുക്കുന്നു.)

ഇതാ. വല്ല അരിയോ പൊരിയോ വാങ്ങികഴിക്കു്.
(കണിയാരു് വണങ്ങി പോകുന്നു)

രാ–(തിരിഞ്ഞുനിന്നു്) ഇവിടെ ആടലോടകം ഒണ്ടോ?

തോ–ഒന്നുമില്ലെടോ താൻ പോ.

രാ–ഓ. ഞാനിറങ്ങാം,

തോ-നേരം ഇത്രയായിട്ടും ചെറുക്കനെ കണ്ടില്ലല്ലോടി.

അ-അവനിങ്ങുവരും-നിങ്ങളിനിയെങ്കിലും അതിനെ ഒന്നും പറഞ്ഞു് വെഷമിപ്പിക്കല്ലേ.

തോ–മക്കളെ ചൊല്ലുവിളിക്കേ. നിറുത്തണ്ടന്നാണോ നീ പറഞ്ഞുവരുന്നതു്?

അ–ചൊല്ലുവിളിക്കേ നിറുത്തണ്ടന്നല്ല, നമ്മള വലിയ ആൾക്കാരുടെ വഴക്കും പെണക്കവുമൊന്നും കുഞ്ഞുങ്ങ ക്കില്ല. അതുങ്ങടെ മനസ്സു ശുദ്ധമാ. വെറുതെ ശി ക്ഷിച്ചു് ആ മനസ്സു കലക്കേന്നതു കഷ്ടമാ.

നിങ്ങളു വന്നേ. കാപ്പികുടിക്കാം.

(തോമ്മാ എഴുനേൽക്കുന്നു.)

(കർട്ടൻ)

## രംഗം ആറ്

(നാട്ടവഴി— ലിസി, ബാബു, സ്കൂം വിട്ട വരുന്നു.)

ബാ—ലിസിക്കെന്നോട്ട പെണക്കമൊണോ?

ലി—ബാബുവിനു് എന്നോടല്ലെ പെണക്കം. ഞാൻ കാരണമല്ലെ ബാബുവിൻെറ അച്ചായനു തല്ലുകിട്ടിയതു്—ബാബു നും തല്ലുകൊണ്ടതു്?

ബാ—നീന്നെ, നിൻെറ അമ്മച്ചി തല്ലിയില്ലേ?

ലി—എന്നേം തല്ലി. ബാബൂനോട്ടു് വർത്താനം പറയരുതെന്നും പറഞ്ഞു.

ബാ—ഞാൻ പറഞ്ഞതല്ലാരുന്നോ സ്ലേററു ഞാൻ കൊണ്ടെതരാമെന്നു്. പിന്നെയെന്തിനാ നീ വീട്ടിൽപോയി പറഞ്ഞതു്.

ലി—ഞാൻ പറഞ്ഞതല്ല. അമ്മച്ചി ചുമ്മാതെ എല്ലാം ഒണ്ടാക്കി പറഞ്ഞതാ.

ബാ—ലിസി എന്നോടിനി കൂട്ട കൂടത്തില്ലെ.

ലി—ബാബുവിൻെറ അമ്മച്ചി ബാബുവിനെ വഴക്കു പറയകേലെ?

ബാ—അമ്മച്ചി പറയുകേല. അച്ചാച്ചൻ അറിഞ്ഞാൽ തല്ലി പൊടിയാക്കും.

ലി—(വിഷമം) എന്നാ ബാബു എന്നോട്ട കൂട്ടുകൂടത്തില്ലല്ലോ? രണ്ടുപേരും മിണ്ടാതെ ഇരിക്കുന്നു.

ലി—ഇന്നാ. (ഒരു പടം എടുത്തു കൊടുക്കുന്നു).
ബാ—ഇതെന്തിനാ?
ലി—ബാബു, എനിക്കു തന്നതാ.
ബാ—അതു ലിസി എടുത്തോ.
ലി—വേണ്ട. ബാബു കൂട്ടു കൂടത്തില്ലെങ്കിൽ എനിക്കതു വേണ്ട.
ബാ—(കഴുത്തിൽനിന്നു് കുരിശുരൂപം ഊരി എടുത്തു്)
ഇന്നാ. ഇതു നീ തന്നതല്ലെ? നിനക്കു ഞാൻ തന്ന പടം വേണ്ടങ്കി, എനിക്കിതും വേണ്ട.
ലി—അതു വേണ്ട. അതു ബാബു എടുത്തോ. അതിട്ടാൽ മരിക്കുമ്പം സ്വർഗ്ഗത്തിൽ പോകുന്നതാ.
ബാ—ലിസി, കൊടുത്തേച്ചു തിരിച്ചു ചോദിച്ചാ പാപം ഉണ്ടാകും.
ലി—അന്നാ പിന്നെ എന്നാ ചെയ്യുന്നെ?
ബാ—അതു ലിസി എടുത്തോ.
ലി—ബാബു എന്നോടു പെണങ്ങുവോ?
ബാ—ഇല്ല. ഞാൻ പെണങ്ങുകേല.
ലിസി എന്നോടു പെണങ്ങുവോ?
ലി—ഞാനും പെണങ്ങുകേല.
ബാ—എന്നോടു കൂട്ടു കൂടിയതിനു് ലിസീടെ അമ്മച്ചി തല്ലിയാലോ?
(പടം പുസ്തകത്തിൽ വയ്ക്കുന്നു-ബാബു കഴുത്തിലിടുന്നു)
ലി—ബാബൂനെ അച്ചാച്ചനും തല്ലുകേലെ?
ബാ—അതിനു നമ്മക്കെന്നാ ചെയ്യണ്ടെ?
(രണ്ടുപേരും വിഷാദത്തിൽ ആലോചിച്ചിരിക്കുന്നു).
ലി—നമ്മക്കു് മാതാവിനോടു് അപേക്ഷിക്കാം.
ബാ—എന്നതാ അപേക്ഷിക്കുന്നെ.
ലി—എൻെറ അമ്മച്ചീടേം, ബാബൂൻെറ അച്ചാച്ചൻെറം സ്വഭാവം മാറിക്കിട്ടാൻ.

ബാ–പിന്നെ നമ്മക്കൊരു കാര്യം ചെയ്യാം.

ലി—എന്നതാ?

ബാ–നമ്മള തമ്മിൽ വത്തമാനം പറയുന്നൊണ്ടെന്നു് വീട്ടീൽ പറയണ്ട.

ലി—ഞാൻ പറയുകേല.

(ബാബു സഞ്ചിക്കകത്തുനിന്നു് ഒരു പേരയ്ക്ക എടുക്കുന്നു. അതു മുറിച്ചു് പകുതി ലിസിക്കു കൊടുക്കുന്നു. തിന്നുന്നു.)

ലി—ബാബു, നേരം ഒത്തിരിയായി. പോകാ.

(രണ്ടുപേരും എഴുന്നേൽക്കുന്നു)

ബാ–ഞാൻ നാളെ നിൻെറ വീട്ടിൽ വരുകേല. ഇങ്ങേപ്പുറത്തെ വളവിൽ നോക്കിനിൽക്കും.

ലി–ഞാൻ വന്നിട്ടേ ബാബു പോരാവൂ.

ബാ—അതേ ഉള്ളു. നീ വേഗം വരണം.

ലി—ഞാൻ നേരത്തെ വരാം.

ബാ—വീട്ടിൽ ചെന്നു് അമ്മച്ചി ചോദിച്ചാ എന്നോടു വത്താനം പറഞ്ഞില്ലെന്നു പറയണം.

(കയ്യിലൊരു വടിയുമായി കലി തുള്ളി കുഞ്ഞേലി പ്രവേശിക്കുന്നു.)

കു– അതേടാ പരക്കഴി, നിൻെറ തന്തേടെ കുടുംബത്തിയൊക്കെ നീ പറഞ്ഞു കൊടുത്തോടാ.

(കുട്ടികൾ വിറച്ചു നിൽക്കുന്നു)

കു– (ലിസിയെ കടന്നു പിടിച്ചു്) എടീ മരംകേറി, നിന്നോടു ഞാനല്ലേ പറഞ്ഞതു്, ആ തെമ്മാടിച്ചെറുക്കനുമായി കൂട്ടുകൂടരുതെന്നു്? നീയിനി പറഞ്ഞാൽ കേക്കുമോടീ (അടിക്കുന്നു.)

ലി–(കരഞ്ഞു്) അയ്യോ, എൻെറ അമ്മച്ചി, എന്നെ തല്ലല്ലെ (കുഞ്ഞേലിക്കു വട്ടം കറങ്ങുന്നു–ബാബു അടുത്തു

ചെന്നു് പിടിക്കാൻ നോക്കുന്നു-അവനുംകിട്ടുന്നതല്ല്യ്)

കു:-(പിടിച്ചു വലിച്ചു്) വാടി ഇവിടെ. നിന്നെ ഇന്നു് നല്ല പാഠം പഠിപ്പിച്ചില്ലെങ്കി ഞാൻ പെണ്ണല്ലടി. (ബാബു വിഷമിച്ചു് പുറകെ ചെല്ലുന്നു-കുഞ്ഞേലി തിരിഞ്ഞുനിന്നു് വടിയോങ്ങി.) പോടാ തെമ്മാടി ച്ചെറുക്കാ. നിന്നെ ഞാൻ

.... .... .... .... ....

(ബാബു വിഷമിച്ചു നിൽക്കുന്നു.)

(കർട്ടൻ)

---

## രംഗം ഏഴ്

(താഴത്തുഭവനം. കർട്ടനുയരുമ്പോാം രംഗത്താരുമില്ല. രാമൻകണിയാരു മുന്നിലും കുഞ്ഞേലി പുറകിലുമായി ഇറങ്ങിവരുന്നു.--കുഞ്ഞേലിക്കു പരിഭ്രമം)

കു- എൻെറ പൊന്നു കണിയാരെ, എൻെറ കുഞ്ഞിനെ എങ്ങിനെയെങ്കിലും രക്ഷിക്കണം.

രാ- (ഒന്നും മിണ്ടുന്നില്ല-ആലോചനയിൽ നിൽക്കുന്നു)

കു- വൈദ്യരെന്നാ ഒന്നും മിണ്ടാത്തെ?

രാ- ഒരു നസ്യംകൂടെ ചെയ്തു നോക്കാം.

കു- ഈ നസ്യോം, തളോം ചെയ്തോണ്ടിരുന്നാ അതിനെ, തീപോലെയാണല്ലോ പനിക്കുന്നതു്.

രാ- പനി പലവിധത്തിൽ വരാമെന്നു് അഷ്ടാംഗഹൃദയത്തിൽതന്നെ പറയുന്നു.

കു- ഏതു ഹൃദയത്തിൽ പറഞ്ഞാലെന്താ ഇന്നെത്ര ദിവസമായി ചികിത്സ തുടങ്ങിയിട്ടു്-ഒന്നിനൊന്നിനു കൂടിവരികയല്ലിേ? തന്നെയല്ല, അതു വാതോരാതെ പിച്ചും പേയും പറയുന്നു.

രാ- പിച്ചും പേയും പറയുന്നതിൽ വേറെ കാര്യമുണ്ടു്.

കു- എന്നതാ കാര്യം വൈദ്യരെ, ഒന്നു തെളിച്ചുപറഞ്ഞെ.

രാ- കുട്ടിക്കു് ഒരു പ്രേതബാധയുണ്ടായിട്ടുണ്ടു്.

കു- പ്രേതബാധയോ? എൻെറ അന്തോനീസുപുണ്യാളാ ഞാനെന്നതാ ഈ കേൾക്കുന്നതു്?

രാ— സംശയിക്കാനൊന്നുമില്ല. ഈ പനിയും അബോധാവസ്ഥയും എല്ലാം പ്രേതം ആവസിച്ചിരിക്കുന്നതുകൊണ്ടാണു്.

കു—അതു വേണേൽ നേരായിരിക്കും.

അതെന്തെല്ലാവാ പിച്ചും പേയും പറയുന്നതു്.

എൻെറ വൈദ്യരെ അതിനെന്താ ഒരു മാർഗ്ഗം,

രാ—അല്പം പണച്ചെലവു വരും.

കു—എന്തു ചെലവെങ്കിലുമാകട്ടെ. എനിയ്ക്കെൻെറ കുഞ്ഞിൻെറ ജീവൻ കിട്ടിയാൽ മതി.

രാ—തൽക്കാലം 15 ഉറുപ്പിക വേണം. ചില കർമ്മങ്ങളൊക്കെ ചെയ്യണം.

കു—ഞങ്ങക്കതിനു് അങ്ങിനത്തെ കർമ്മങ്ങളൊന്നും മേലല്ലൊ കണിയാരെ. വികാരിയച്ചനറിഞ്ഞാൽ വലിയ കുഴപ്പമാ.

രാ—അതിനു് അവിടെ പറയണ്ടാ എന്നു വയ്ക്കണം.

കു—അതെങ്ങിനെയാ-കമ്പസാരിക്കുമ്പോഴെങ്കിലും പറയണ്ടേ? തന്നെയല്ല, ലിസിമോടെ അച്ചാച്ചനറിഞ്ഞാലും സമ്മതിക്കത്തില്ല.

രാ—ആരും അറിയാതെ ഞാനെൻെറ വീട്ടിൽ വച്ചുചെയ്തോളാം.

കു—എന്നാൽ വൈദ്യനവിടെ നില്ല്. (അകത്തുപോയി രൂപാ കൊണ്ടുവന്നു കൊടുക്കുന്നു) ഇതാരും അറിയരുതു കേട്ടോ, പിന്നെ വലിയ കുടപ്പത്തിലൊന്നും ചെയ്യേക്കരുതു്.

(ലൂക്കാ വിഷമിച്ചു പ്രവേശിക്കുന്നു-വൈദ്യരു പെട്ടെന്നു തിരിയുന്നു.)

ലൂ- (ഗൗരവം) ഇതെവിടുന്നാ വൈദ്യരെ രൂപാ.

രാ– (പണം എളിയിൽ തിരുകി) ഇതോ? ഇതൊരു കൈ
വായ്പയാ.

ലൂ–(ഗൗരവം) കുഞ്ഞേലി.

കു–ഞാനതു വൈദ്യർക്കു കൊടുത്തതാ.

ലൂ– അതു മനസ്സിലായി. അതെന്തിനാണെന്നു്?

കു– കൊച്ചിനു വളരെക്കൂടുതലാ. വൈദ്യരു പറഞ്ഞപ്പഴല്ലേ
മനസ്സിലാകുന്നെ? സംഗതി ഇതുമാറിയാ–അതിനൊ
രു ചികിത്സ വൈദ്യൻ ചെയ്യാമെന്നു പറഞ്ഞു.

ലൂ– എന്താ വൈദ്യരെ ചികിത്സ?

രാ– ഒരു കുരുതി.

ലൂ– (പേടിച്ച്) കുരുതിയോ? അതെന്തിനു്?

രാ–കുഞ്ഞിനു് പ്രേതബാധയാണു്. അതൊഴിവാക്കാൻ....

ലൂ–നിറുത്തെടോ. എന്റെ കുഞ്ഞിനു് പ്രേതബാധയാണെ
ന്നു് തന്നോടാരു പറഞ്ഞു.

രാ —ആരു പറയാൻ, കുഞ്ഞുതന്നെ വിളിച്ചുപറയുന്നതു
കേട്ടില്ലേ?

ലൂ–അവളെന്തു പറഞ്ഞെന്നാണു താൻ പറയുന്നതു്.

രാ–ബാബൂ, ബാബൂ എന്നു വിളിക്കുന്നതു കേട്ടില്ലേ?
ബാബു എന്നയാറം മരണപ്പെട്ടു് ഉണ്ടായ ഉഗ്രപ്രേത
മാണു് ആവസിച്ചിരിക്കുന്നതു്.

ലൂ —ഛാ- (ആട്ടുന്നു) കടക്കെടോ വെളിയിൽ
(കൈ ചൂണ്ടി നിൽക്കുന്നു) എടോ കടക്കാൻ.

കു–ബാബൂന്നു് വിളിക്കുന്നതു് ആ ചെറുക്കനെയാ.

ലൂ–(തിരിഞ്ഞു്) മനസ്സിലായോടി നിനക്കു്–മനസ്സി ലാ
യോന്നു്.

(വൈദ്യരു നടക്കുന്നു)

ലൂ–എടോ കണിയാരെ, ഇവിടെ വാ (കൈ നീട്ടി)
രൂപാ എടു്. മടിച്ചുനിൽക്കുന്നു). എടോ രൂപാ എടു
ക്കാൻ.

രാ—(എടുത്തു കൊടുക്കുന്നു) ഇനി തിരിഞ്ഞുനോക്കാതെ ഓട്ട്-മേലിൽ ഈ വീട്ടിനകത്തു കാലു കുത്തരുത്. (കണിയാരു് നടന്നു് തിരിഞ്ഞു നോക്കുന്നു) എടോ തന്നോടാ പറഞ്ഞെ—(തിരിഞ്ഞു്)കുഞ്ഞേലി,നീയീ രൂപാ എന്തിനു കൊടുത്തതാ.

കു- അയാളു പറയുന്ന കേട്ടപ്പം ഞാൻ വിചാരിച്ചു നേരാണന്നു്.

ലൂ- അയാളു പറഞ്ഞു. ദൈവം തമ്പുരാൻ പറഞ്ഞിരിക്കുന്ന, ഒരിക്കലും തെററാത്ത കാര്യങ്ങാം നിനക്കു വിശ്വാസമില്ല—രാമൻകണിയാരു പറഞ്ഞാൽ വിശ്വസിക്കാം. എല്ലാ ഞായറാഴ്ചയും പോയിരുന്നു് പ്രസംഗം കേഠക്കുന്നുണ്ടു്. എന്നിട്ടാ ബാബു ചെറുക്കൻെറ പ്രേതം എറക്കാനു്.......എന്തിനു പറയുന്നു. (പണം തിരികെ കൊടുത്തു് ഇതാ. ഇതങ്ങുവച്ചു്. ഞാനാ സുകുമാരൻ ഡോക്ടർക്കു് ആളയച്ചിട്ടുണ്ടു്. അയാളിപ്പം വരും.(കുഞ്ഞേലി അകത്തേക്കു പോകുന്നു-ലൂക്കാ വിഷമിച്ചു് ഒരു കസേരയിലിരിക്കുന്നു-ഡോക്ടർ പ്രവേശിക്കുന്നു-പാൻറ്സും, സ്ലാക്കും ധരിച്ചിരിക്കുന്നു-സ്റ്റെതസ്കോപ്പ്, ചെറിയൊരു പെട്ടി — 30 വയസ്സ് പ്രായം—ലൂക്കാ പെട്ടെന്നെഴുന്നേററു് കൈ കൂപ്പുന്നു,)

സു—എവിടെയാ ചേട്ടാ രോഗി?

ലൂ— അകത്താണേ. (കൂട്ടിക്കൊണ്ടു പോകുന്നു)

(കുറെ കഴിഞ്ഞു് ഡോക്ടർ മുന്നിലും, പിറകെ ലൂക്കാ, കുഞ്ഞേലി ഇറങ്ങിവരുന്നു-ഡോക്ടർ തല കീഴോട്ടിട്ടു് ഒന്നും സംസാരിക്കാതെ ആലോചനയിൽ നില്ക്കുന്നു.)

ലൂ— എന്താ ഡോക്ടർ, എൻെറ കുഞ്ഞിനു്.

ഡോ—(മിണ്ടാതെ നിൽക്കുന്നു)

കു— എൻെറ പൊന്നു യജമാനനെ, എൻെറ കുഞ്ഞിനെ രക്ഷിക്കണെ.

ലൂ— സാറെന്താ ഒന്നും മിണ്ടാത്തെ (ഇടറി) അത്രമുഞ്ഞ കൂടുതലാണോ?

ഡോ—ഇതു തുടങ്ങിയിട്ടെത്ര നാളായി.

കു— ഇന്നു് അഞ്ചായി.

ഡോ—ഇതുവരെ നിങ്ങൾ എന്നെ അറിയിക്കാഞ്ഞതു്?

ലൂ— ഇവിടെ ഒരു വാറുതാൻ കണിയാനൊണ്ടു്. അയാള സുഖപ്പെടുത്താമെന്നു പറഞ്ഞിരുന്നു.

ഡോ—കഷ്ടം.

ലൂ—എന്താ ഡോക്ടർ.

ഡോ—മനുഷ്യനു കണ്ണുണ്ടായിട്ടെന്തു്? അതു തുറന്നു നോക്കുന്നില്ലെങ്കിൽ?

ലൂ—മനസ്സിലായില്ല.

ഡോ—ഇനി എന്നാണിതൊക്കെ മനസ്സിലാകുന്നതു്. പണ്ടത്തെപ്പോലെയല്ല, ഇപ്പോഴിവിടെ അടുത്തൊരു ഡിസ്പെൻസറിയുണ്ടു്. എപ്പോൾ വിളിച്ചാൽ വരാനും തയ്യാറായി ഞാനും അവിടെയുണ്ടു്. എന്നിട്ടും നിങ്ങളിത്തരം ഉടക്കൊല്ലികളുടെയും മന്ത്രവാദികളുടെയും പുറകെ നടന്നാലോ?

കു—അയാള പേതാക്കാമെന്നു് ഏററതാണു്.

ഡോ—എന്നിട്ടു കണ്ടില്ലെ? ഇപ്പോൾ 106 ഡിഗ്രി പനിയുണ്ടു്. ഞാൻ ആരെയും കുററം പറയുകയല്ല. ഒരു ഡോക്ടറാണെങ്കിലും (വികാരാധീനനായി) ഞാൻ ഒരു പിതാവുകൂടിയാണു്. ഈ പിഞ്ചുകുഞ്ഞിൻെറ കിടപ്പു് -(നിറുത്തി)

ആകട്ടെ ഈ കുട്ടി, ഭയപ്പെടുവാൻ എന്തെങ്കിലും കാരണമുണ്ടായോ?

കു— അങ്ങിനെയൊന്നുമില്ല ഏമാനെ.

ഡോ—ഇല്ലെ? ഈ ബാബു എന്നു പറയുന്നതാരാണു്?

ലൂ— അതു് അവളുടെ കൂടെ പഠിക്കുന്ന ഒരു കുട്ടിയാണു്.

(കുഞ്ഞേലി അകത്തേയ്ക്കു പോകുന്നു)

ഡോ—ആകുട്ടിയും ഈ കുട്ടിയുമായി പരിചയമുണ്ടു് അല്ലെ?

ലൂ—പരിചയമല്ല, അവരു വലിയ ജീവനുമാ.

ഡോ—ഇപ്പോഴാ പയ്യനെവിടെയുണ്ടു്?

ലൂ—ഇവിടെനിന്നു് അല്പം ദൂരെ-അവൻെറ വീട്ടിലാ.

ഡോ—നിങ്ങൾ ഉടനെ പോയി ആ കുട്ടിയെ ഒന്നു കൂട്ടിക്കൊണ്ടു വരു.

ലൂ—അതു സാധിക്കയില്ല ഡോക്ടർ.

ഡോ— ഉം, അതെന്താ?

ലൂ—ഞങ്ങളു വീട്ടുകാരുതമ്മിൽ പിണക്കത്തിലാ.

ഡോ—(ആലോചിച്ചു്) അപ്പോൾ ഈ കുഞ്ഞിനു് സുഖക്കേടുണ്ടാകുവാനുള്ള കാരണം, നിങ്ങളുടെ കുടുംബങ്ങൾ തമ്മിലുള്ള പിണക്കവുമായി ബന്ധപ്പെട്ടിട്ടാണോ?

ലൂ—അങ്ങിനെയൊന്നുമില്ല.

ഡോ—ഡോക്ടറോടും വൈദികനോടും യാതൊന്നും മറക്കരുതെന്നാണു്—നിങ്ങൾ ബാബുവെന്നു പറയുന്ന കുട്ടിയേയും, നിങ്ങളുടെ മകളെയും തമ്മിൽ അകററാൻ ശ്രമിച്ചു. അല്ലേ?

ലൂ—അങ്ങിനെയൊക്കെ വേണ്ടിവന്നു ഡോക്ടർ.

ഡോ—അവർ അകലാതിരുന്നപ്പോൾ ബലം ഉപയോഗിച്ചു കാണും.

ലൂ—അങ്ങിനെയും തെററു പററി.

ഡോ—കുട്ടിയെ ശകാരിക്കയും, പ്രഹരിക്കയും, ഭീഷണിപ്പെടുത്തുകയും ഒക്കെ ചെയ്തില്ലെ?

ലൂ—(ഇടറി) ആ ഡോക്ടർ

ഡോ—മേലിൽ മറോക്കുട്ടിയെ കാണാൻ അനുവദിക്കയി ല്ലെന്നും പറഞ്ഞു കാണും.

ലൂ— ഇതും സുഖക്കേടുമായുള്ള ബന്ധം എന്താണു ഡോക്ടർ?

ഡോ—(വേദനയൂറുന്ന മന്ദഹാസം) നല്ലൊരു ചോദ്യം-ചേട്ടാ, മനുഷ്യനെന്നു പറയുന്നതു് വെറും ശരീരംമാത്രമല്ലെന്നു് ആരേക്കാളും കൂടുതൽ കേൾക്കുകയും, പഠിക്കുകയും, വിശ്വസിക്കയുംചെയ്യുന്നതു് നിങ്ങൾ ക്രിസ്ത്യാനികളാണു്. നിങ്ങൾ ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നതാണു് അതിശയം.

ലൂ— കുഞ്ഞിനു് മനസ്സു വേദനിക്കയുണ്ടായി ഡോക്ടർ.

(കുഞ്ഞേലി ഇറങ്ങിവന്നു് ശ്രദ്ധിച്ചു നിൽക്കുന്നു)

ഡോ—വേണ്ട, നിങ്ങളൊന്നും പറയണ്ട. എല്ലാം എനിക്കു മനസ്സിലായി. (നിറുത്തി) നിങ്ങളൊരു ജീവിതമാണു് എടുത്തിട്ടു പന്താടിയതു്.

കു——എങ്ങമാന്നേ?

ഡോ—(നിവർന്നു്, ശങ്കിച്ചു്) ഞാൻ തുറന്നു പറയുമ്പോൾ നിങ്ങൾ വിഷമിക്കരുതു്. കാര്യം കുറെ അപകടത്തിലാണു്. അങ്ങേ അററത്തെത്തിയപ്പോഴാണു് നിങ്ങളെന്നെ അറിയിച്ചതുതന്നെ. ഇതു് മാനസിക വിഭ്രാന്തിയിൽനിന്നുണ്ടായ സുഖക്കേടാണു്. ബാബു എന്ന കുട്ടി ഈ കുഞ്ഞിൻെറ മനസ്സിൽ നിറഞ്ഞുനില്ക്കുകയായിരുന്നു—അപ്പോഴാണു് നിങ്ങളതു കലക്കിയതു്—കുട്ടി ഭയന്നു-രോഗമായി—ആദ്യമായി വേണ്ടിയിരുന്നതു് ആ ബാബുവിനെ വിളിച്ചു് അടുത്തിരുത്തി സാന്ത്വനവാക്കുകൾ പറഞ്ഞു് കലങ്ങിയ മനസ്സു് തെളിയിച്ചു് ഭയം മാററുകയായിരുന്നു—അതിനു ശേഷം മരുന്നെന്തെങ്കിലും ചെയ്യുക. മനുഷ്യനു് ശരീരത്തെക്കാൾ ശ്രദ്ധിക്കേണ്ടതു മനസ്സാണു് ചേട്ടാ.

ലൂ– അതു്, ഞങ്ങറം വളിച്ചാൽ അവൻ ഇനി വരുകയില്ല ഡോക്ടർ.

ഡോ– (സ്വരം താഴ്ത്തി) ഇനി വന്നിട്ടും പ്രയോജനമു ണ്ടെന്നുതോന്നുന്നില്ല. ഭയം മൂത്തു് മനസ്സിൻെറ നില ആകെ തെററിയിരിക്കുന്നു--പനിയും കടന്നുപോയി (നടക്കുന്നു.)

കു– (മുന്നിൽ വന്നു് കരഞ്ഞു്–കൈ നീട്ടി) പൊന്നേമാ നെ, ഞങ്ങളെ ഉപേക്ഷിക്കല്ലെ? എൻെറ കുഞ്ഞിനെ രക്ഷിക്കണെ.

ഡോ-(ടവ്വലെടുത്തു് കണ്ണു തുടച്ചു്) എന്തു ചെയ്യാം തള്ളെ, എനിക്കു് സഹതാപമുണ്ടു്. നിങ്ങറംക്കു് ഒന്നു മാത്ര മെ ഇനി ചെയ്യാനുള്ളു. ആ ബാബു, എന്നു പറയുന്ന കുട്ടിയെ വിളിച്ചു കൊണ്ടുവന്നു് അടുത്തിരുത്തി സാ വധാനം വിളിപ്പിക്കു. ഉപബോധ മനസ്സിനെ ഉണ ത്താൻ കഴിഞ്ഞാൽ നമുക്കെന്തുംചെയ്യാം–ആ ജീവൻ ഇപ്പോറം വൈദ്യശാസ്ത്രത്തിൻെറ കഴിവുകറംക്കപ്പുറ മാണു്. (നടക്കുന്നു.)

ലൂ– ഡോക്ടർ പോവുകയാണോ?

ഡോ–ഞാൻ വൈകുന്നേരം ഇതിലെ വരാം, ഇപ്പോറം ഞാൻ കഴിവതെല്ലാം ചെയ്തിട്ടുണ്ടു്. നിങ്ങറം ഞാൻ പറഞ്ഞതു് ഒന്നു ശ്രമിക്കു. പിന്നെ ആ കുട്ടിയെ വെ ളിമ്പിലേയ്ക്കു് ഒന്നു് എടുത്തു കിടത്തു്. അല്പം കാററു് വെളിച്ചവും കിട്ടട്ടെ.

(പോകുന്നു)

കു- എൻെറ ദേവസ്യാനോസു പുണ്യാളാ. (നെഞ്ചത്തല ച്ചു് അകത്തേയ്ക്കു പോകുന്നു–ലൂക്കാവിഷാദിച്ചു് അങ്ങു മിങ്ങും നടക്കുന്നു-(കുഞ്ഞേലി ഇറങ്ങി വരുന്നു)

കു- (കരഞ്ഞു്) നിങ്ങളു് ആ മാട്ടേൽ വരെ ഒന്നു പൊയ്ക്കേ.

എൻെറ കുഞ്ഞിനു കൂട്ടതലാ, ആ ചെറുക്കൻെറ പേരു തന്നെയാ പറയുന്നെ.

ലൂ– ഞാനെങ്ങിനെ അങ്ങോട്ടു പോകും കുഞ്ഞേലി. അയാളെന്നെ പട്ടിയെപ്പോലെ ആട്ടിഓടിക്കുകേലെ? ഓടിച്ചിട്ടു തല്ലുകേലെ?

കു– നിങ്ങള് കാലുകെട്ടിപ്പിടിച്ചു പറ. തല്ലുന്നെങ്കിൽ തല്ലട്ടെ. എന്നാലും നമ്മുടെ ഒരേയൊരു കുഞ്ഞിൻെറ ജീവൻ....

ലൂ– ഞാനെങ്ങിനെ ആ പടി കടക്കും? അയാളുടെ മുഖത്തു നോക്കും? എൻെറ സർവ്വശക്താ, എന്തിനിങ്ങനെ എന്നെ പരീക്ഷിക്കുന്നു.

കു– (കരഞ്ഞു്) നിങ്ങൾക്കു മേലങ്കി ഞാൻ പോകാം. (നടക്കുന്നു).

ലൂ– (നടന്നു്) വേണ്ട. ഞാൻതന്നെ പൊയ്ക്കോളാം. ഈ കുഞ്ഞിൻെറ അടുത്തേയ്ക്കു ചെല്ല്.

(കർട്ടൻ)

---

## രംഗം എട്ട്

(മാട്ടേൽ ഭവനം--കർട്ടനുയരുമ്പോൾ രംഗത്താരുമില്ല. ലൂക്കാ മടിച്ചുമടിച്ചു പ്രവേശിക്കുന്നു. ഒന്നുരണ്ടു ചുമക്കുന്നു—അന്നച്ചേടത്തി ഇറങ്ങി വരുന്നു.)

അ—(പരിഭവം)എന്നാ ലൂക്കാച്ചേട്ടാ, ചെയ്തതൊന്നും പോരാഞ്ഞിട്ട് വീടു കയറി തല്ലാൻവന്നിരിക്കയാണോ?

ലൂ— (സങ്കടം) അന്നാമ്മെ, ദൈവത്തെയോർത്ത്, വന്നതൊക്കെ ക്ഷമിക്കണം.

അ— അതെ. നിങ്ങൾക്കു് എന്തും ചെയ്യാമെന്നു്. ഞങ്ങൾ ക്ഷമിക്കണോന്നു് അല്ലെ?

ലൂ— ഒന്നും ഞാൻ മനസ്സറിഞ്ഞു ചെയ്തതോ ചെയ്യിച്ചതോ അല്ല. എല്ലാം അങ്ങിനെ വന്നുകൂടി.

അ—എന്നാലും ഇതു കൊറെ അന്തക്കരണമായിപ്പോയി.

ലൂ—(കരഞ്ഞു്) അന്നാമ്മെ, നീയെന്റെ ലിസിമോളുടെ ജീവൻ രക്ഷിക്കണം.

അ—ലിസിമോളുടെ ജീവനോ? അതിനു് ഞങ്ങളാ കുഞ്ഞിനെ എന്നാ ചെയ്തു?

ലൂ—നിങ്ങളൊന്നും ചെയ്തിട്ടില്ല. എല്ലാം ഞങ്ങളു ചെയ്ത പാപത്തിന്റെ ഫലമാ.

അ—എന്നാ ലൂക്കാച്ചേട്ടാ താനീ പറയുന്നതു്?

ലൂ—അന്നാമ്മെ, എന്റെ മകളു മരിക്കാൻ കെടക്കുവാ.

അ—അയ്യോ, അതിനെന്നാ പററി?

ലൂ– അന്നു് ബാബുവിനോട്ട് വീണ്ടും വത്തമാനം പറഞ്ഞെന്നു പറഞ്ഞു് അതിൻെറ തള്ള അതിനെ വഴി നീളെ ഇട്ടുതല്ലി. അന്നു തൊടങ്ങിയ പനി ഇപ്പം സന്നിയായി. എപ്പോഴും ബാബു, ബാബു, എന്നാ വിളിക്കുന്നെ.

അ–എൻെറ ബാബും അന്നുമുതൽ ഒരു നിരാശയും മൌനവുമാ.

ലൂ– ഇന്നു ഡോക്ടർ വന്നു (കരഞ്ഞു്) രക്ഷ കിട്ടുന്ന കാര്യം-പേടിച്ച് മനം കലങ്ങിപ്പോയി. ബാബു വന്നാൽ ഒരുപക്ഷെ-വേറൊരു മാർഗ്ഗവുമില്ല. എൻെറ പൊന്നു് അന്നാമ്മയല്ലെ?

അ–അയ്യോ, കഷ്ടം. എൻെറ മാതാവേ–ആ കൊച്ചിക്കാ ങ്കു് ഒന്നും വരുത്തല്ലെ?

(തോമ്മാ അകത്തുനിന്നു വരുന്നു)

തോ–എടാ നീയോ, പടിക്കു പുറത്തു്. എടാ ജീവൻവേണമെങ്കിൽ–കടക്കടാ വെളിക്കു്–

അ–(തടുക്കുന്നു) അയ്യോ അരുതു്-ദൈവകോപം വരുത്തിവയ്ക്കരുതു്,

തോ–മിണ്ടിപ്പോകരുതു്.

ലൂ– തോമ്മാച്ചേട്ടാ-

തോ–തോമ്മാച്ചേട്ടനോ? ആരാടാ നിൻെറ തോമ്മാച്ചേട്ടൻ.

ലൂ–ഞാൻ ദുഷ്ടനും അവിവേകിയുമാണു്. അതിനു് എന്നെ എന്തുവേണമെങ്കിലും തോമ്മാച്ചനു ചെയ്യോ. പക്ഷെ ഈ സന്ദർഭത്തിൽ എൻെറ കുഞ്ഞിൻെറ ജീവൻ രക്ഷിക്കണം.

തോ-നിൻെറ കുഞ്ഞിൻെറ ജീവനോ? അതെന്നാടാ ഇവിടെ വച്ചിരിക്കയാണോ? പോടാ അവിടുന്നു്

അ– അയ്യോ, അങ്ങിനെയൊന്നും പറയല്ലെ?

ലൂ– മിശിഹാതമ്പുരാനെ ഓത്ത്– എന്റെ പൊന്നുതോമ്മാച്ചേട്ടനല്ലെ?

തോ–എനിക്കൊന്നും ഓർക്കാനില്ല. നെനക്കു ജീവൻ വേണങ്കി ഉടനെ സ്ഥലം വിട്ടോ.

ലൂ– എന്റെ ജീവനിലും വലുത് എനിക്കിപ്പോഠ എന്റെ കുഞ്ഞിന്റെ ജീവനാണ്–

(ബാബു വാതിൽക്കൽ വന്നു നിൽക്കുന്നു)

തോ–നീ ഇപ്പോഠ എന്തിനാണിവിടെ വന്നത്?

ലൂ– ബാബുവിനെ എന്റെ കൂടെ ഒന്നു വിടണം ചേട്ടാ.

തോ–എന്തിനാ, നിന്റെ കെട്ടിയവഠ അവിടെ വിതന്നൊരുക്കീട്ടൊണ്ടോ?

ലൂ– (കരഞ്ഞു്) തോമ്മാച്ചാ-എന്റെ മകഠ ലിസി-ഇപ്പോഠ മരണത്തിന്റെ വക്കിലാണ്. ബാബൂ, ബാബൂ, എന്ന വിളിയാണ് അവളുടെ നാഡിമിടിപ്പു തന്നെ നിലനിർത്തുന്നതു്. (പൊട്ടിക്കരഞ്ഞു്) എന്റെ ലിസി ഒരു പക്ഷെ ജീവിക്കില്ല. എന്നാലും അതിന്റെ അവസാനത്തെ ആശയല്ലെ തോമ്മാച്ചാ, ബാബൂനെ ഒന്നയക്കു്—അവനെ ഒന്നു കണ്ടിട്ട് അതു മരിച്ചോട്ടെ.

(ബാബു, ലിസി, ലിസി എന്നുവിളിച്ചു് ഒരു ഭ്രാന്തനെപ്പോലെ സ്റ്റേജിൽക്കൂടി പുറത്തേക്കു് ഓടുന്നു).

തോ–അവിടെ നിക്കെടാ. എടാ അവിടെ നിക്കാൻ പുറകെ ഓടുന്നു–ലൂക്കായും ഓടുന്നു.)

(അന്നാമ്മ അകത്തുപോയി ഒരു തോരത്തോർത്തു കൊണ്ടുവന്നു് തോളിലിട്ടു ബാവാക്കും പുത്രനും വച്ചു് പുറത്തേക്കിറങ്ങുന്നു.)

(കർട്ടൻ)

---

DHARMARAM COLLEGE LIBRARY
BANGALORE - 29

## രംഗം ഒൻപതു്

('താഴത്തു്'ഭവനം—ഒരു കട്ടിലിൽതലയിണ ഉയൎത്തി വച്ചു് ലിസി കിടക്കുന്നു-വളരെ പതുക്കെ ബാബൂ, ബാബൂ എന്നു വിളിക്കുന്നു—കുഞ്ഞേലി അടുത്തിരുന്നു കരയുന്നു. ഇടയ്ക്കിടെ, ലിസി, മോളെ, എന്നുവിളിക്കുന്നു- ദൂരെനിന്നു് ലിസി, ലിസി, എന്ന ബാബുവിൻെറ വിളി കേൾക്കുന്നു. ഒരു ഭ്രാന്തനെപ്പോലെ ഓടിക്കയറുന്നു—കട്ടിലിൻെറ അരുകിൽ ചാടിക്കയറിയിരുന്നു് വിളിക്കുന്നു )

ബാ- (തേങ്ങൽ) ലിസി, ലിസി, ചെവിക്കടെത്തുപോയി ലിസി, ബാബു വാ വിളിക്കുന്നെ, എൻെറ ലിസിയല്ലെ, ഒന്നു കണ്ണു തുറന്നെ. എന്നോടു മിണ്ടുകേലെ ഞാൻ പെണങ്ങും. ലിസി, ദേ പേരയ്ക്കാ—കണ്ണുതുറന്നേ-ഞാൻ ഒരിക്കലും പെണങ്ങത്തില്ല ലിസീ.

(ലിസി പതുക്കെ കണ്ണു തുറക്കുന്നു—ബാബു, എന്നു വിളിക്കുന്നു-കൈ നീട്ടുന്നു-ബാബു രണ്ടു കയ്യുംകൂടി എടുക്കുന്നു- ലിസി പതുക്കെ തലപൊക്കാൻ ശ്രമിക്കുന്നു—അതുപോലെ തലയും കയ്യും താഴുന്നു -മരിക്കുന്നു)

ബാ—ലിസി, ലിസി, ലിസി, (പൊട്ടിക്കരഞ്ഞു് കെട്ടിപ്പിടിക്കുന്നു )

(കുഞ്ഞേലി പൊട്ടിക്കരഞ്ഞു് വന്നു് വീഴുന്നു-ലൂക്കാച്ചേട്ടൻ വന്നു് കരഞ്ഞു് തലയ്ക്കൽ വീഴുന്നു—തോമ്മാ

ച്ചേട്ടൻ വന്നു് രംഗം കണ്ടു് മാറി നിൽക്കുന്നു - അന്നാമ്മച്ചേട്ടത്തി തലയ്ക്കൽ വന്നുനിന്നു് കരയുന്നു)

ബാ—(മെല്ലെ എഴുനേററു്, കഴുത്തിൽനിന്നു് കുരിശുരൂപം ഊരി).

ലിസി, നീ എനിക്കു തന്നതാ ഇതു്. ഇപ്പം വേറൊന്നും എൻെറ കയ്യിൽ ഇല്ല. ഇതു് നീ ഇട്ടോണ്ടു് സ്വർഗ്ഗത്തിൽ പൊയ്ക്കോ. (അതു് കഴുത്തിൽ ഇടുന്നു). (കരച്ചിൽ).

(കർട്ടൻ)

# രംഗം പത്ത്

ശ്മശാനരംഗം-ലിസിയുടെ കുഴിമാടം-ബാബു കയ്യിൽ ഒരു മെഴുകുതിരിക്കൂടുമായി പ്രവേശിക്കുന്നു-നിക്കർ, ഫുൾ കൈ വെള്ളഷർട്ട്—ഷർട്ട് ഇൻസെർട്ട് ചെയ്തിരിക്കുന്നു. അല്പസമയം വികാരാധീനനായി നോക്കിനില്ക്കുന്നു. പിന്നിൽനിന്ന് ഗാനം ഉയരുന്നു. സാവധാനം മുട്ടുകുത്തി, തീപ്പെട്ടി ഉരച്ച് തിരി കത്തിച്ചു വെയ്ക്കുന്നു—കുരിശു് വരച്ചശേഷം കൈ രണ്ടും കൂട്ടി പ്രാർത്ഥനയിൽ ലയിച്ചുനില്ക്കുന്നു- (നിഷ്ക്കളങ്ക സ്നേഹത്തിന്റെ മഹത്വത്തെയും മനുഷ്യന്റെ അനാവശ്യ വാശി വൈരാഗ്യങ്ങളെയും കുറിച്ചായിരിക്കണം ഗാനം) പാട്ടു തീർന്നു വരുമ്പോഴേക്കും കർട്ടൻ സാവധാനം വീഴ്ത്തുക.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

CTM Library
*00077357*
T62 M918

# കൈത്തിരി

(നാടകം)

എം. സി. ജോസഫ് ബി. എ. ബി. എഡ്.

62
918

Indic Digital Archive Foundation
gpura.org